# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ജനുവരി 2024



Chavara Matrimony.com
Connecting Hearts

# നല്ലൊരു ആലോചനയാണ്!



കല്യാണാലോചന ചാവറ മാട്രിമണിയിൽ.

**Chavara Family Welfare Centre**
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു

H.O Chavara Cultural Centre, Kochi
**99 6174 44 44, 0484 40 80 333, 1800 103 4080**

**Changanacherry,** Pulickal Building,Opp.Arch Bishop House, Aramanappady
**9995 777 568**

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

## താളുകൾ മറിക്കുമ്പോൾ



മുഖമൊഴി 05


06 ഇടയസന്ദേശം


വികാരിയച്ചന്റെ സന്ദേശം 10


13 ശ്രേഷ്ഠപുരോഹിതൻ മറ്റത്തിലച്ചൻ


വിദ്യയുടെ വിദേശവസന്തം 17


29 ആധുനിക കാലഘട്ടത്തിൽ കുടുംബ ബന്ധങ്ങളുടെ പ്രസക്തി


ഇടവക വാർത്തകൾ 31



ജനുവരി 2024
ലക്കം 1
വാല്യം 9

*മാനേജിംഗ് എഡിറ്റർ:*
വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ
9447359521

*ചീഫ് എഡിറ്റർ:*
റവ. ഫാ. വർഗീസ് പുളിക്കപ്പടവിൽ
9074728504

*എക്സി. എഡിറ്റേഴ്സ്:*
റവ. ഫാ. ആന്റണി (ലിപിൻ) തുണ്ടുകളം
9645607825
റവ. ഫാ. സേവ്യർ (ജസ്റ്റിൻ)
പുത്തൻപുരച്ചിറ തൈക്കളം
8330077541

*കൈക്കാരന്മാർ:*
ബാബു കളീക്കൽ
ജോസഫ് എ.ജെ. ആലഞ്ചേരി
ടോമിച്ചൻ അയ്യരുകുളങ്ങര

*കമ്മറ്റിയംഗങ്ങൾ:*
വിന്നി ജോർജ്ജ് കല്ലൂക്കളം
സൈബി അക്കര
സി. മരിയ SABS
ജോമി കാവാലംപുതുപ്പറമ്പിൽ
ജിജി മുളയക്കൽ
നവീൻ വെട്ടുവഴി
എബിൻ ആറുപറയിൽ
മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ
സജി ഇളംകുളം

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
സോണി കരിമറ്റം

Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com



## സ്വാഗതം...

സീറോമലബാർ സഭയുടെ പിതാവും
തലവനുമായ
**മേജർ ആർച്ചുബിഷപ്പ്**
**മാർ റാഫേൽ തട്ടിൽ പിതാവിന്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
പ്രാർത്ഥനാശംസകൾ...

## നന്ദിയോടെ...

സീറോമലബാർ സഭയെ
ഒരു വ്യാഴവട്ടക്കാലം ധീരമായി നയിച്ച
**മേജർ ആർച്ചുബിഷപ്പ്**
**കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്ക്**
മെത്രാപ്പോലീത്തൻ ഇടവകയുടെ
നന്ദി...

## ജൂബിലി ആശംസകൾ...





പൗരോഹിത്യസ്വീകരണത്തിന്റെ സുവർണജൂബിലിയിലേക്ക്
പ്രവേശിക്കുന്ന **അഭി. ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയ്ക്കും**
രജതജൂബിലിയിലേക്ക് പ്രവേശിക്കുന്ന **അഭി. തോമസ് തറയിൽ പിതാവിനും**
മെത്രാപ്പോലീത്തൻ ഇടവകയുടെ പ്രാർത്ഥനാശംസകൾ...



# മുഖമൊഴി

ഈശോയിൽ ഏറെ സ്നേഹം നിറഞ്ഞവരേ,

പുത്തൻ പ്രതീക്ഷകളും പുതിയ തീരുമാനങ്ങളുമായി പുതുവർഷത്തിൽ പദമൂന്നുന്ന നമുക്കിത് തിരുനാളുകളുടെ കാലമാണ്. മിശിഹായ്ക്ക് ഒപ്പം നിന്ന് ധീരരക്തസാക്ഷികളായിമാറിക്കൊണ്ട് ഉറപ്പുള്ള അടിത്തറമേൽ തിരുസഭാസമൂഹത്തിന്റെ ഭാവി സുരക്ഷിതമാക്കിയ ശ്ലീഹന്മാരെയും വിശുദ്ധരെയും അനുസ്മരിക്കുന്ന ദിനങ്ങൾ. നമ്മുടെ ഇടവക സമൂഹവും പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ചൈതന്യത്തിൽ നമ്മുടെ ഇടവക തിരുനാൾ - മകരം തിരുനാൾ ആഘോഷിക്കുകയാണ്. ആത്മീയമായും ഭൗതികമായും വളരെ തയ്യാറെടുപ്പുകളോടെ നാം ആഘോഷിക്കുന്ന നമ്മുടെ തിരുനാൾ അദ്ധ്യാത്മിക നവീകരണത്തിനും വിശുദ്ധിയിലുള്ള വളർച്ചയ്ക്കും ഉപകരിക്കുന്നതാകട്ടെ എന്ന് അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. തിരുസഭയെ സുരക്ഷിതമായി, കരുത്തുറ്റ കരങ്ങളിലൂടെ നയിക്കുവാൻ നിയുക്തരായ അജപാലകരെ കാലാകാലങ്ങളിൽ ദൈവം നൽകുമെന്നു വിശ്വസിച്ച് ഏറ്റുപറയുന്ന നമ്മുടെ പ്രാർഥനകൾക്ക് ഫലപ്രാപ്തി കൈവന്നിരിക്കുന്നു. സീറോ മലബാർ സഭയുടെ പ്രതിസന്ധിയുടെ ഈ നാളുകളിൽ സഭയെ നയിക്കുവാൻ നിയുക്തനായിരിക്കുന്ന മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനെയോർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം; ഒപ്പം സന്തോഷിക്കാം. ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി സഭയെ സ്വർഗീയ തുറമുഖത്തേക്ക് സുരക്ഷിതമായി നയിക്കുവാൻ അനുഗ്രഹിക്കണമേ എന്ന് അനുദിനം വിശുദ്ധ കുർബാനയിൽ നാം ദൈവത്തോട് പ്രാർത്ഥിക്കുന്നു. സഭാസമൂഹം എന്നും കെട്ടുറപ്പും ദൃഢതയുമുള്ള ഒരു സമൂഹമായി, ക്രിസ്തുമുഖമായി ജീവിക്കാൻ നമ്മുടെ സഹകരണവും പ്രവർത്തനങ്ങളും തിരുസഭയുടെ ഹൃദയത്തോട് ചേർത്തുവച്ച് നമുക്കായിരിക്കാം. അനുഗൃഹീതമായ തിരുനാൾ ദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്...

നിങ്ങളുടെ സ്വന്തം,

**ഫാ. വർഗീസ് (ടോജോ) പുളിക്കപ്പടവിൽ**
ചീഫ് എഡിറ്റർ



# സന്ദേശം

ഈശോയിൽ പ്രിയപ്പെട്ട സഹോദരങ്ങളേ,

വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം തേടി മകരംതിരുനാളിലേക്ക് പ്രവേശിക്കുന്ന കത്തീഡ്രൽ ഇടവകയ്ക്ക് തിരുനാൾ മംഗളങ്ങൾ. വചനത്തിലൂടെയും വിശുദ്ധ കൂദാശകളിലൂടെയും ദൈവീക ജീവനിൽ ഉൾചേരാനും തിരുനാളിന്റെ വിവിധ ആചരണങ്ങളിലൂടെ സഹകരണവും സഹവർത്തിത്വവും കൂട്ടായ്മയും ഉറപ്പിക്കാനും സഹദാ നമുക്ക് അനുഗ്രഹമേകട്ടെ. ഈ അവസരത്തിൽ കുടുംബക്കൂട്ടായ്മയുടെ അജപാലന ഉത്തരവാദിത്വത്തെ ഓർമപ്പെടുത്തട്ടെ.

ദൈവനിയോഗമായി ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യം സഭ നിർവഹിക്കുന്നതു പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ ത്രിവിധ പ്രവർത്തനങ്ങളിലൂടെയാണ്. ഇവവഴി സഭ ഈശോമിശിഹായുടെ ദൗത്യം ലോകത്തിൽ തുടരുന്നു. സഭയ്ക്ക് അതിനുള്ള ശക്തിയും ചൈതന്യവും ലഭിക്കുന്നതു സഭയിൽ വസിക്കുന്ന റൂഹാദ്ക്കുദ്ശായിൽനിന്നാണ്. സഭയുടെ ഈ പ്രേഷിതദൗത്യനിർവഹണത്തിൽ സഭയിലെ ഓരോ അംഗവും തന്റെ പ്രത്യേക ദൈവവിളിയും ജീവിതസാഹചര്യങ്ങളുമനുസരിച്ച് പങ്കുചേരേണ്ടതുണ്ട്. അതിനവരെ പരിശീലിപ്പിച്ചൊരുക്കുന്ന പ്രധാനതലം ഇടവകകളാണ്. ഇടവകകളിലെ എല്ലാ അജപാലനപ്രവർത്തനങ്ങളും ഉന്നംവയ്ക്കുന്നതും വയ്ക്കേണ്ടതും ഇടവകസമൂഹത്തിന്റെ ഇത്തരത്തിലുള്ള രൂപീകരണമാണ്.

ഇടവകകളിലെ അജപാലനശുശ്രൂഷയിൽ കുടുംബക്കൂട്ടായ്മകൾക്കു സുപ്രധാനമായൊരു പങ്കുണ്ട്. ആദിമക്രൈസ്തവസമൂഹങ്ങളുടെ മാതൃകയിലും ചൈതന്യത്തിലും നമ്മുടെ ഇടവകകളെ രൂപപ്പെടുത്തേണ്ടതുണ്ട്. അതിനു നന്നായി പ്രവർത്തിക്കുന്ന കുടുംബക്കൂട്ടായ്മകൾ സഹായിക്കും. ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ ആദിമക്രൈസ്തവസമൂഹങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (അദ്ധ്യായം 2), അവയുടെ പ്രധാനസവിശേഷതകളായി എടുത്തുപറഞ്ഞിരിക്കുന്നതു താഴെപ്പറയുന്ന കാര്യങ്ങളാണ്.

അവർ ശ്ലീഹന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടിരുന്നു. പ്രാർത്ഥനയിലും (യാമപ്രാർത്ഥനകൾ) എവുക്കാറെസ്തിയാ മുറിക്കുന്നതിലും (പരി. കുർബാന) പങ്കുകൊണ്ടിരുന്നു. ഏകമനസ്സോടെ ദൈവത്തെ സ്തുതിച്ചിരുന്നു. സമ്പാദ്യങ്ങൾ ആവശ്യാനുസരണം പങ്കുവച്ചിരുന്നു. അവർ സന്തോഷമുള്ളവരും ഹൃദയത്തിൽ കാപട്യമില്ലാത്തവരുമായിരുന്നു. അവർ എല്ലാവർക്കും സംപ്രീതരായിരുന്നു. കർത്താവ് സഭയിൽ ആളുകളെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

മേല്പറഞ്ഞിരിക്കുന്ന സവിശേഷതകളുള്ള സ്നേഹക്കൂട്ടായ്മകളായി നമ്മുടെ ഓരോ ഇടവകയും രൂപപ്പെടണം. ദൈവവചനത്തിലും കർത്താവിന്റെ പ്രബോധനങ്ങളിലും അധിഷ്ഠിതമായ ജീവിതമായിരിക്കണം നമ്മുടേത്. ഈശോ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്തു. ഈശോയുടെ മാതൃക സ്വീകരിച്ച് ശിഷ്യന്മാർ മറ്റുള്ളവരെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്തു. അങ്ങനെ ആദിമക്രൈസ്തവസമൂഹം ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സ്ഥിരപ്പെട്ടു വളർന്നു; പരി. കുർബാനയിൽ കേന്ദ്രീകരിച്ച് പരസ്പരം സ്നേഹിക്കയും പങ്കുവയ്ക്കുകയും ചെയ്യുന്ന, ദൈവവിശ്വാസത്തിൽ ആഴപ്പെട്ട്, റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ ഒരു വിശുദ്ധകൂട്ടായ്മയായി ഈശോയ്ക്കു സാക്ഷ്യംവഹിച്ചു.

ഇപ്രകാരം നമ്മുടെ ഇടവകകളെ രൂപപ്പെടുത്തുവാനാണ് കുട്ടികൾക്കുംയുവജനങ്ങൾക്കും മുതിർന്നവർക്കും ദമ്പതികൾക്കും പ്രായമായവർക്കും മറ്റു വിവിധവിഭാഗങ്ങളിൽപ്പെട്ടവർക്കുംവേണ്ടി സംഘടനകളും പരിശീലനപദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നത്. കൂടാതെ, വിവിധങ്ങളായ സാമൂഹ്യക്ഷേമപദ്ധതികളും ജീവകാരുണ്യപ്രവർത്തനങ്ങളും നമുക്കുണ്ട്. അതിരൂപത-ഫൊറോന-ഇടവകതലങ്ങളെയെല്ലാം പരസ്പരം ബന്ധിപ്പിച്ചാണ് ഇവയൊക്കെ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത്.

സഭാമക്കളായ എല്ലാ വിശ്വാസികളും ഇവയിൽ അതാതുതലങ്ങളിൽ മാർഗനിർദേശങ്ങൾക്കനുസരിച്ച് സജീവമായി പങ്കുചേരു

> ബലിയും വിരുന്നുമായ വിശുദ്ധകുർബാനയിൽ ഒരുക്കത്തോടും ഉത്സാഹത്തോടുംകൂടി പങ്കെടുക്കണം. ഞായറാഴ്ചയാചരണത്തിൽ യാതൊരു ഉദാസീനതയുമുണ്ടാകരുത്. ഇക്കാര്യത്തിൽ കുട്ടികൾക്കു ബോദ്ധ്യവും കൃത്യമായ പരിശീലനവും നൽകണം. സൺഡേസ്കൂളില്ലാത്ത ഞായറാഴ്ചകളിൽ കുർബാനയിൽ സംബന്ധിക്കുന്ന കുട്ടികളുടെ എണ്ണം കുറയുന്നതു ഗൗരവത്തോടെ കണ്ട് പരിഹരിക്കേണ്ടതാണ്. മാതാപിതാക്കൾ മക്കളോടൊപ്പം പരി. കുർബാനയിൽ സംബന്ധിക്കുന്നതിനും അവസരങ്ങൾ കണ്ടെത്തണം.

ന്നതിന് ഉത്തേജനം നൽകി പ്രോത്സാഹിപ്പിക്കാൻ കുടുംബക്കൂട്ടായ്മകൾക്കു സാധിക്കണം. അയൽക്കാരായി കഴിയുന്ന ഏതാനും കുടുംബങ്ങൾ കൂടെക്കൂടെ ഒരുമിച്ചുകൂടി പഠിക്കുകയും പ്രാർത്ഥിക്കയും പങ്കുവയ്ക്കുകയും ചെയ്യുന്ന വിശ്വാസിസമൂഹങ്ങളാണ് കുടുംബക്കൂട്ടായ്മകൾ. ചെറിയ സമൂഹങ്ങളായതുകൊണ്ട് എല്ലാവർക്കും പരസ്പരം അറിയാനുംകഴിയും. ആരെങ്കിലും കൂട്ടായ്മയിൽനിന്നും സഭാത്മകജീവിതത്തിൽനിന്നും അകന്നുപോയിട്ടുണ്ടോ എന്നൊക്കെ മനസ്സിലാക്കാനും അതിനൊക്കെ പരിഹാരം കണ്ടെത്താൻ സഹോദരബുദ്ധ്യാ പരിശ്രമിക്കാനും കുടുംബക്കൂട്ടായ്മകൾക്കു കഴിയണം. ഒരാൾപോലും നമ്മുടെ സഭാകൂട്ടായ്മയിൽനിന്നു നഷ്ടപ്പെട്ടുപോകാത്തവിധം പരസ്പരബന്ധം ദൃഢപ്പെടുത്തണം. അങ്ങനെ ആത്മീയവും ഭൗതികവുമായ കാര്യങ്ങളിൽ പരസ്പരം സഹായിക്കാനും ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ആത്മീയചൈതന്യത്തിലും ക്രിസ്തീയസ്നേഹത്തിലും പ്രവർത്തിക്കുന്ന നല്ല കുടുംബക്കൂട്ടായ്മകൾക്കു സാധിക്കും. അതിനാൽ, പതിവനുസരിച്ച് മാസത്തിലൊരിക്കൽ കൃത്യനിഷ്ഠയോടെ കുടുംബക്കൂട്ടായ്മകൾ നടത്താനും എല്ലാവരും സജീവമായി അവയിൽ പങ്കുചേരാനും ശ്രദ്ധിക്കണം.

അജപാലനപരമായ കാര്യങ്ങളിൽ അതിരൂപതാകേന്ദ്രത്തിൽനിന്നു നൽകുന്ന മാർഗനിർദേശങ്ങൾ കണക്കിലെടുത്തും ഇടവകതലത്തിൽ ബഹു. വികാരിയച്ചന്റെ പൊതുവായ നേതൃത്വത്തിലും കുടുംബക്കൂട്ടായ്മകൾ കാര്യക്ഷമതയോടും ഫലപ്രദമായും പ്രവർത്തിക്കുന്നതിന് നേതൃത്വം കൊടുക്കുന്നവരാണ് കുടുംബക്കൂട്ടായ്മാലീഡേഴ്സും സെക്രട്ടറിമാരും ആനിമേറ്റർ സിസ്റ്റേഴ്സും. അവരുടെ നല്ലസേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു.

ഓരോ ഇടവകയിലെയും കുടുംബക്കൂട്ടായ്മകൾ തമ്മിലുള്ള ബന്ധം പരിപോഷിപ്പിക്കാനും ഇടവകയിലെ അജപാലനപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തമുണ്ടാകാനും കുടുംബക്കൂട്ടായ്മാലീഡേഴ്സ്, സെക്രട്ടറിമാർ, വിവിധ പ്രസ്ഥാനങ്ങളുടെ നേതൃടീമം



ഗങ്ങൾ തുടങ്ങിയവർ വികാരിയച്ചന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ സമ്മേളിച്ച് ഇടവകയിലെ അജപാലനപ്രവർത്തനങ്ങളെ സിനഡാത്മകതയുടെ ചൈതന്യത്തിൽ വിലയിരുത്തുന്നതു ഫലപ്രദമാണ്. അടുത്തമാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആശയരൂപീകരണം നടത്താനും ഇതു പ്രയോജനപ്പെടുത്താം.

കേരളസഭാനവീകരണ ത്രിവർഷാചരണത്തിലെ പ്രഥമവർഷം പരി.കുർബാനയെ ആഴത്തിൽ അറിയാനും ധ്യാനിക്കാനുമായി നീക്കിവച്ചിരിക്കുന്നു. അതനുസരിച്ച് കുടുംബക്കൂട്ടായ്മകളിൽ കുർബാനയെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളും പരിചിന്തനങ്ങളും നടത്താൻ ശ്രദ്ധിക്കണം. ബലിയും വിരുന്നുമായ വിശുദ്ധകുർബാനയിൽ ഒരുക്കത്തോടും ഉത്സാഹത്തോടുംകൂടി പങ്കെടുക്കണം. ഞായറാഴ്ചയാചരണത്തിൽ യാതൊരു ഉദാസീനതയുമുണ്ടാകരുത്. ഇക്കാര്യത്തിൽ കുട്ടികൾക്കു ബോദ്ധ്യവും കൃത്യമായ പരിശീലനവും നൽകണം. സൺഡേസ്കൂളില്ലാത്ത ഞായറാഴ്ചകളിൽ കുർബാനയിൽ സംബന്ധിക്കുന്ന കുട്ടികളുടെ എണ്ണം കുറയുന്നതു ഗൗരവത്തോടെ കണ്ട് പരിഹരിക്കേണ്ടതാണ്. മാതാപിതാക്കൾ മക്കളോടൊപ്പം പരി. കുർബാനയിൽ സംബന്ധിക്കുന്നതിനും അവസരങ്ങൾ കണ്ടെത്തണം. സായാഹ്നങ്ങളിലെ കുടുംബപ്രാർത്ഥനയ്ക്കു യാതൊരു മുടക്കവും വരുത്തരുത്. കുടുംബങ്ങളിൽ യാമപ്രാർത്ഥനകൾ ചൊല്ലുവാൻ പ്രോത്സാഹിപ്പിക്കണം.

ഇടവകതലത്തിൽ സഭയുടെ പ്രേഷിതദൗത്യനിർവഹണം ശരിയായും ഫലപ്രദമായും നടക്കുന്നതിനു കുടുംബക്കൂട്ടായ്മകൾക്കുള്ള പ്രാധാന്യംമനസ്സിലാക്കി എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനത്തിന്റെ ഒരുത്തമവേദിയാണ് കുടുംബക്കൂട്ടായ്മകൾ. മുതിർന്ന തലമുറയിൽനിന്ന് ഇളംതലമുറയിലേക്കു സഭയുടെ വിശ്വാസവും ദൗത്യവുംകൈമാറാൻ നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുടുംബക്കൂട്ടായ്മകൾ പ്രയോജനപ്പെടും. അതിനാൽ മുതിർന്നവരും യുവജനങ്ങളും കുട്ടികളുമുൾപ്പെടെ എല്ലാവരും ഈ കൂട്ടായ്മകളിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം.

കൂട്ടായ്മകളെയും സംഘടനകളെയും ശക്തിപ്പെടുത്താൻ വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥ്യം തേടാം. എല്ലാവർക്കും മകരം തിരുനാളിന്റെ മംഗളങ്ങൾ.

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത



# വികാരിയച്ചന്റെ സന്ദേശം

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞ ഇടവകാംഗങ്ങളേ,

**ശുഭശോഭനമായ** ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്ന അവസരത്തിൽത്തന്നെയാണല്ലോ നമ്മുടെ ഇടവകത്തിരുനാളും ആഘോഷിക്കുന്നത്. പരിശുദ്ധ മാർത്തമറിയത്തിന്റെ നാമധേയത്തിൽ സ്ഥാപിതമായ നമ്മുടെ പള്ളിയിലെ ഏറ്റവും ആഘോഷമായി നടത്തപ്പെടുന്ന ഒന്നാണല്ലോ 'മകരം തിരുനാൾ' എന്ന് അറിയപ്പെടുന്ന വിശുദ്ധ സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ. ചരിത്രപരമായ പല കാരണങ്ങളും ഇതിന്റെ പിന്നിലുണ്ട്. മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികളിലൊന്നായ നിരണത്തിന്റെ ഭാഗമായിരുന്ന ചങ്ങനാശേരിയിലെ ക്രൈസ്തവസമൂഹത്തിന് രണ്ടു സഹസ്രാബ്ദങ്ങളിലേറെക്കാലത്തിന്റെ ചരിത്രം പറയാനുണ്ടെങ്കിലും ഇവിടെ ആദ്യമായി ഒരു പള്ളി സ്ഥാപിക്കുന്നത് 1117 ലായിരുന്നല്ലോ. ഇപ്പോഴത്തെ നമ്മുടെ സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയാകട്ടെ ഇവിടെ സ്ഥാപിച്ച നാലാമത്തെ പള്ളിയായിരുന്നു. പത്തുവർഷം കൊണ്ട് പണിതീർത്ത ഈ ദേവാലയം കൂദാശ ചെയ്തത് 1887 മകരം 10ആം തീയതിയായിരുന്നു. ഇതിന്റെ ഓർമ്മയ്ക്കായി മകരം 10, 11 തീയതികളാണല്ലോ നമ്മുടെ മുഖ്യതിരുനാൾ നടന്നുവരുന്നത്. പകർച്ചവ്യാധികളിൽനിന്നും സംരക്ഷണം നൽകുന്ന ഒരു മധ്യസ്ഥനായിട്ടാണല്ലോ സെന്റ് സെബാസ്റ്റ്യൻ അറിയപ്പെടുന്നത്. 1878 മകരമാസത്തിൽ ചങ്ങനാശ്ശേരിയിൽ പൊട്ടിപ്പുറപ്പെട്ട മസൂരിബാധയിൽ ക്രിസ്ത്യാനികൾ മാത്രം ആയിരംപേരെങ്കിലും മരണമടഞ്ഞതായി

പാലാക്കുന്നേൽ മത്തായി മറിയം കത്തനാരുടെ 'നാളാഗമ'ത്തിൽ രേഖപ്പെടുത്തുന്നുണ്ട്. പള്ളിപണി ആരംഭിച്ച് ഒരു വർഷം ആകുമ്പോഴാണ് ഈ മഹാമാരി വന്നുഭവിച്ചത് എന്നോർക്കണം. ഈ സാഹചര്യത്തിൽ ആധിയും വ്യാധിയും നീക്കിക്കളയുന്ന മധ്യസ്ഥനായ മാർ സെബസ്ത്യാനോസ് സഹദായോടുള്ള ഭക്തിയും സ്വാഭാവികമായി വർദ്ധിച്ചുവന്നു എന്നുവേണം കരുതാൻ. കൂടാതെ, മകരമാസത്തിൽത്തെന്നയാണല്ലോ (ജനുവരി 20) വിശുദ്ധന്റെ തിരുനാളും കത്തോലിക്കാസഭ മുഴുവനും കൊണ്ടാടുന്നത്. അങ്ങനെയാണ് ഈ തിരുനാളിന് 'മകരം തിരുനാൾ' എന്ന പേരു ലഭിച്ചതും ഇതു നാം കൂടുതൽ ആഘോഷമായി ആചരിക്കാൻ തുടങ്ങിയതും.

**ഇടവകയുടെ തിരുനാൾ നമ്മുടെ വിശ്വാസസാക്ഷ്യത്തിന്റെയും ഒത്തൊരുമയുടെയും എല്ലാ വിഭാഗം ജനങ്ങളുമായുള്ള പരസ്പരസഹകരണത്തിന്റെയും അവസരമാണല്ലോ.** സത്യവിശ്വാസത്തിന്റെ ധീരരക്തസാക്ഷിയാണ് വി. സെബസ്ത്യാനോ സഹദാ. സത്യപ്രകാശമായ ഈശോയുടെ കൃപ അദ്ദേഹത്തിൽ ജ്വലിച്ചുനിന്നിരുന്നു. ലോകരക്ഷകനായി ഉദയംചെയ്ത മിശിഹായ്ക്കു സാക്ഷ്യംവഹിച്ച വിശുദ്ധരുടെ തിരുനാളുകൾകൂടി ആഘോഷിക്കുന്ന ദനഹാക്കാലത്തിൽത്തന്നെയാണല്ലോ നമ്മുടെ ഈ തിരുനാളും കൊണ്ടാടുന്നത്. നമ്മുടെ പൂർവപിതാക്കന്മാർ തലമുറതലമുറകളായി പകർന്നു നൽകിയ ക്രൈസ്തവചൈതന്യം ഉജ്ജ്വലിപ്പിക്കാനുള്ള ഒരു അവസരമാണ് തിരുനാൾ. വി. പൗലോസ് ശ്ലീഹാ എഴുതുന്നു: 'എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കായി ദൈവത്തിന്റെ കൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. നർമ്മതത്വവും ലൗകികമോഹങ്ങളും ഉപേക്ഷിക്കാനും ഈ ലോകത്തിൽ സമചിത്തതയും നീതിനിഷ്ഠയും ദൈവഭക്തിയുമുള്ള ജീവിതം നയിക്കാനും അതു നമ്മെ പരിശീലിപ്പിക്കുന്നു... ഈശോമിശിഹാ എല്ലാ തിന്മകളിലുംനിന്ന് നമ്മെ മോചിപ്പിക്കുന്നതിനും സത്പ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ഒരു ജനതയെ തനിക്കുവേണ്ടി വിശുദ്ധീകരിക്കുന്നതിനുമായി നമ്മെപ്രതി തന്നെത്തന്നെ ബലിയർപ്പിച്ചു' (തീത്തോ 2:11–15). തീക്ഷ്ണതയിൽ മാന്ദ്യംവരാത്ത (റോമാ 12:11) ഒരു ജനമായിത്തീരാൻ തിരുനാൾ നമ്മെ സഹായിക്കുന്നു.

ക്രിസ്മസ്ആചരണങ്ങളും നമ്മുടെ ഇടവകയിലെ പത്തു വാർഡുകളിലും നടന്ന 'നുഹ്റാ 2024' വാർഡുകൺവെൻഷനുകളും വഴി നാം തിരുനാളിന് ആത്മീയമായി ഒരുങ്ങുകയായിരുന്നല്ലോ. ഒപ്പം സസ്യമാർക്കറ്റിലും ചന്തക്കടവ് കുരിശടിയിലും നടന്ന പിണ്ടികുത്തി പെരുന്നാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ്

ദീപം തെളിച്ച് ഉദ്ഘാടനം ചെയ്ത, തൊഴിൽവ്യാപാരവ്യവ സായ മേഖലകളിൽ സമുദായാംഗങ്ങൾക്ക് സാധ്യതകൾ സൃഷ്ടിക്കുന്ന, 'സം രംഭകത്വ'പദ്ധതിയും ഇടവകയ്ക്ക് നവോന്മേഷം നൽകി.

തിരുനാളിനോടനുബന്ധിച്ചു നടത്തുന്ന ഇടവക ദിനം 'നസ്രാണി സംഗമം' നമ്മുടെ കൂട്ടായ്മയുടെ ഒരു വലിയ പ്രകാശനമായിരിക്കും. മതമൈത്രിയും സമുദായസൗഹാർദവും വിളിച്ചോതുന്ന നമ്മുടെ പ്രദക്ഷിണങ്ങളും, മാനസികോല്ലാസവും സാംസ്കാരികോന്നമനവും പ്രദാനംചെയ്യുന്ന വിവിധ കലാവിഷ്കാരങ്ങളും കണ്ണിനും കാതിനും കുളിർമയേകുന്ന ദീപാലങ്കാരങ്ങളും ആകാശവിസ്മയങ്ങളുംമെല്ലാം നമ്മിലെ സദ്ഭാവനകളും സഹകരണവും കൂട്ടായ്മയും പ്രകാശിപ്പി ക്കുകയും ചെയ്യും.

ഏവർക്കും തിരുനാൾ എന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്

നിങ്ങളുടെ വികാരിയച്ചൻ
**ഫാ. ജോസ് കൊച്ചുപറമ്പിൽ**

# അഭിനന്ദനങ്ങൾ...



രാജീവ് ഗാന്ധി
യൂണിവേഴ്സിറ്റി
ബി.എസ്.സി. നേഴ്സിംഗിന്
ഒൻപതാം റാങ്ക് നേടിയ
**ആൻസ് മരിയ ജോജോ**
**മാമ്പൂത്തറയ്ക്ക്**
ഇടവകയുടെ
അഭിനന്ദനങ്ങൾ



മാനേജ്മെന്റ്
സയൻസിൽ
പി.എച്ച്.ഡി. കരസ്ഥമാക്കിയ
**നീതു ജോസ്**
**പുളിക്കീകളത്തിന്**
ഇടവകയുടെ
അഭിനന്ദനങ്ങൾ





# ശ്രേഷ്ഠപുരോഹിതൻ മറ്റത്തിലച്ചൻ അജപാലനശൈലിയുടെ നിത്യതേജസ്

സൈബി അക്കര



**സ്നേഹനിധിയായ** മറ്റത്തിലച്ചൻ അജപാലന ശുശ്രൂഷയിലൂടെ ആർജ്ജിച്ചെടുത്ത വ്യക്തിബന്ധം അദ്ദേഹം ഇഹലോകവാസം വെടിയുംവരെ കാത്തു സൂക്ഷിച്ചിരുന്നുവെന്ന് അച്ചനെ അടുത്ത് അറിയാവുന്നവർക്ക് എല്ലാം അറിയാവുന്നകാര്യമാണ്. പ്രത്യേകിച്ച് അച്ചന്റെ അവസാന കാലഘട്ടം മെത്രാപ്പോലീത്തൻ ഇടവകയുമായും ഇവിടുത്തെ ദൈവജനവുമായി നല്ല ആത്മബന്ധം പുലർത്തിയിരുന്നു. തന്റേതായ ഒരു അജപാലനശൈലിയിലൂടെ ഒരു നല്ലയിടയനായി ജനമനസ്സുകളിൽ ഇടം പിടിച്ചിരുന്നു. വാർദ്ധക്യസഹജമായ രോഗാവസ്ഥയിൽപോലും ആത്മീയ ശുശ്രൂഷകൾ നൽകി അനേകർക്ക് ആശ്വാസവും ധൈര്യവും പ്രത്യാശയും അച്ചൻ പകർന്നു നൽകിയിരുന്നു. സദാസമയവും നമ്മുടെ പഴയ പള്ളിമേടയിൽ അച്ചൻ ഒരു നിത്യതേജസ്സായി വിളങ്ങിയിരുന്നു. പാപഭാരവും, ദു:ഖങ്ങളും വേദനകളും നിരാശയും എല്ലാം അച്ചന്റെ അടുത്ത് പങ്കു

> “ദൈവപിതാവിന് അടുത്ത സ്നേഹം എല്ലാവർക്കും പകർന്നു നൽകി അച്ചൻ ഇഹലോകവാസം വെടിഞ്ഞിട്ട് ഒരുവർഷം തികഞ്ഞിരിക്കുന്നു. അച്ചന്റെ ശ്രേഷ്ഠമായ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.

വയ്ക്കുവാൻ കഴിയുമായിരുന്നു. അതിലൂടെ എല്ലാവർക്കും ആശ്വാസത്തിന്റെ ഒരു തലോടൽ ലഭിക്കുമായിരുന്നു. എല്ലായ്പ്പോഴും അച്ചൻ റൂമിൽ ഇരുന്ന് ജനങ്ങളെ ശ്രവിക്കുന്നത് ഒരു നിത്യകാഴ്ചയായിരുന്നു. ആരു വന്നാലും അവരെ സന്തോഷപൂർവ്വം സ്വീകരിക്കുന്ന ഒരു അജപാലനശൈലി അച്ചനുണ്ടായിരുന്നു. ഇടവകയിലെ ചെറിയ തർക്കങ്ങളിലും പ്രശ്നങ്ങളിലും ഒരു ശാശ്വതമായ പരിഹാരം കാണുവാനും എല്ലാവരേയും ഒത്തൊരുമിച്ച് നയിക്കാനും അച്ചന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിരൂപതാ വികാരി ജനറാൾ എന്ന നിലയിൽ നിസ്തുലമായ അജപാലന നേതൃത്വം കാഴ്ചവച്ചിരുന്നു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ഡയറക്ടറായി സേവനം ചെയ്ത് ഹോസ്പിറ്റലിന് ഒരു പുതിയ മുഖം നൽകുവാൻ അച്ചന്റെ സാരഥ്യം നിർണ്ണായകമായിരുന്നു. ആശുപത്രിയുടെ ഡയറക്ടറായി രണ്ട് തവണ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വളരെയധികം ആധുനിക സംവിധാനങ്ങൾക്ക് ആശുപത്രിയിൽ തുടക്കം കുറിച്ചത് അച്ചന്റെ കാലത്താണ്. ദൈവദാസൻ മാർ മാത്യു കാവുക്കാട്ട് പിതാവിന്റെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്ററായി ദീർഘവർഷം സേവനം അനുഷ്ഠിച്ചിരുന്നു. കാവുകാട്ട് മ്യൂസിയത്തിന് ആരംഭം കുറിച്ചതും പ്രാരംഭ പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിച്ചതും അച്ചന്റെ ശ്രമഫലം തന്നെ. കാവുകാട്ട് പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ച് അച്ചൻ അഭിഷിക്തനായി. എസ്.ബി കോളേജിലെ അച്ചന്റെ പ്രിയപ്പെട്ട അധ്യാപകൻ കൂടിയായിരുന്നു കാവുകാട്ട് പിതാവ്. കാവുകാട്ട് പിതാവിന്റെ അജപാലനശൈലിയും സുറിയാനി ഭാഷാനൈപുണ്യവും സുറിയാനി സംഗീത സ്വരമാധുരിയും അച്ചൻ സ്വായത്തമാക്കിയിരുന്നു. കേരളസഭയിലെ സുറിയാനി സംഗീതത്തിന്റെ അവസാന വാക്കായിരുന്നു അച്ചന്റേത്. സുറിയാനി ഭാഷയേയും സംഗീതത്തെയും ഏറെ പ്രോത്സാഹിപ്പിക്കാനും, വളർന്നുവരുന്ന തലമുറകൾക്കായി പകർന്നുനൽകുവാൻ അച്ചൻ നിതാന്ത ജാഗ്രത പുലർത്തിയിരുന്നു. മാത്യു മറ്റത്തിലച്ചനും,





ജോസ് പി. കൊട്ടാരത്തിലച്ചനും ഒരുമിച്ചുചേർന്നാൽ അവിടെ ഒരു സുറിയാനിക്രമ പരിശുദ്ധ കുർബ്ബാന ഉറപ്പായിരുന്നു. എല്ലാ വർഷവും കാവുകാട്ടുപിതാവിന്റെ ചരമവാർഷിക അനുസ്മരണത്തിലും കത്തീഡ്രൽ പള്ളിയിലെ തിരുനാളിനും പ്രധാന ആഘോഷവേളകളിലും അച്ചൻ സുറിയാനി കുർബാന അർപ്പിക്കുമായിരുന്നു. അത്രമാത്രം സഭയുടെ തനതായ സുറിയാനി ആരാധന ക്രമപാരമ്പര്യം കാത്തുസൂക്ഷിക്കുവാനും വിശ്വസ്തതാപൂർവ്വം ദൈവജനത്തിന് കൈമാറാനും മറ്റത്തിലച്ചൻ നടത്തിയിട്ടുള്ള നിതാന്ത പരിശ്രമം നമ്മുടെ അതിരൂപതയുടെ ചരിത്രതാളുകളിൽ ഇടം നേടിയിട്ടുണ്ട്.

പ്രായാധിക്യത്താൽ ഔദ്യോഗിക ഉത്തരവാദിത്വങ്ങളിൽനിന്ന് അച്ചൻ വിരമിച്ചിരുന്നുവെങ്കിലും, അജപാലനശുശ്രൂഷ കൂടാതെയുള്ള ഒരു വിശ്രമജീവിതം അച്ചനു ചിന്തിക്കാനാവുമായിരുന്നില്ല. അങ്ങനെയാണ് ജീവിതയാത്രയുടെ അവസാന വ്യാഴവട്ടക്കാലം തന്റെ ഹൃദയത്തെ സ്വാധീനിച്ച ഒരു നിയോഗം മറ്റത്തിലച്ചൻ ഏറ്റെടുക്കേണ്ടിവന്നത്. താൻ മാതൃകാവൈദികനും ആദ്ധ്യാത്മികപിതാവും വിശുദ്ധനുമായി കണ്ടിരുന്ന കാവുകാട്ട് പിതാവിന്റെ നാമകരണനടപടിയുടെ വൈസ്പോസ്റ്റുലേറ്റർ എന്ന ഉത്തരവാദിത്വം ഏറ്റെടുത്തത്. അവസാനശ്വാസം വരെ അതിന്റെ സർവ്വവിധ പൂർണ്ണതയിൽ അച്ചൻ നിർവഹിച്ചു. അക്കാലമത്രയും കാവുകാട്ട് പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന മെത്രാപ്പോലീത്തൻ പള്ളിയിലെ കെടാവിളക്കായി അച്ചൻ കത്തിജ്വലിച്ചിരുന്നു. കാവുകാട്ട് പിതാവിനോട് മറ്റത്തിലച്ചനുണ്ടായിരുന്ന ആത്മീയ അടുപ്പവും പിതാവിന്റെ നാമകരണ നടപടികൾക്കു നൽകിയ നിസ്തുലമായ ശുശ്രൂഷയും തന്റെ സവിശേഷ ദൈവവിളിയായി അച്ചൻ മനസിലാക്കിയിരുന്നു. പിതാവിന്റെ നാമകരണ നടപടികളുടെ വൈസ്പോസ്റ്റുലേറ്ററായതിൽ അച്ചൻ ഏറെ അഭിമാനിച്ചിരുന്നു. അച്ചന് സന്ദർശിക്കുന്നവരോടെല്ലാം പിതാവുമായുള്ള കൂടിക്കാഴ്ചകൾ പങ്കുവയ്ക്കുന്നതിന് അച്ചന് സന്തോഷമായിരുന്നു.

കത്തീഡ്രൽ ഇടവകയിൽ അച്ചന്റെ സാന്നിധ്യം എപ്പോഴും ഉണ്ടായിരുന്നതുകൊണ്ട് ഒരു വൈദികന്റെ കുറവ് ദൈവജനത്തിന് അനുഭവ

പ്പെട്ടിരുന്നില്ല. ഏത് ആവശ്യങ്ങൾക്കും അച്ചൻ ഓടിയെത്തുമായിരുന്നു. ചരമം, മാമോദിസ, വിവാഹം, കുമ്പസാരം, കൗൺസിലിംഗ് തുടങ്ങിയ കർമ്മങ്ങൾക്ക് അച്ചൻ വലിയ ഒരു സഹായമായിരുന്നു ഇടവകയ്ക്ക്. അത്രമാത്രം അച്ചൻ കത്തീഡ്രൽ ഇടവകയെ സ്നേഹിച്ചിരുന്നു. ഒരു പിതാവിന് അടുത്ത സ്നേഹമായിരുന്നു അച്ചന് കത്തീഡ്രൽ ഇടവകയിലെ ജനങ്ങളോട് ഉണ്ടായിരുന്നത്. പ്രീസ്റ്റ്ഹോമിൽ പോകാത്ത ചുരുക്കം ചില വൈദികരിൽ ഒരാളാണ് അച്ചൻ. കത്തീഡ്രൽ ഇടവകയിൽനിന്ന് മാറിനിൽക്കുന്നത് ചിന്തിക്കാൻ പോലും അച്ചന് കഴിഞ്ഞിരുന്നില്ല.

ബഹുമാനപ്പെട്ട വികാരി അച്ചൻമാർക്കും കൊച്ചച്ചൻമാർക്കും വിലമതിക്കാനാവാത്ത അജപാലനപരമായ സഹായത്തിന്റെ ഉടമയും, ദൈവജനത്തിന് മുഴുവനും ഒരു ഇടയ ശ്രേഷ്ഠനുമായിരുന്നു അച്ചൻ. കാവുകാട്ട് പിതാവിന്റെ ചരമവാർഷികം ഒരു കൂട്ടായ്മ അനുഭവമായിരുന്നു അച്ചന്റെ മഹനീയ നേതൃത്വം.

ദൈവപിതാവിന് അടുത്ത സ്നേഹം എല്ലാവർക്കും പകർന്നു നൽകി അച്ചൻ ഇഹലോകവാസം വെടിഞ്ഞിട്ട് ഒരുവർഷം തികഞ്ഞിരിക്കുന്നു. അച്ചന്റെ ശ്രേഷ്ഠമായ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം.



## അഭിനന്ദനങ്ങൾ...





**ലോഗോസ് ക്വിസിൽ അഞ്ചാം സ്ഥാനം കരസ്ഥമാക്കിയ ആൻസി ടോം മൂലയിൽ (എഫ് കാറ്റഗറി), സ്റ്റെഫി സോജി തുണ്ടിയിൽ (ബി കാറ്റഗറി) എന്നിവർക്ക് ഇടവകയുടെ അഭിനന്ദനങ്ങൾ...**



# വിദ്യയുടെ വിദേശവസന്തം, നാടിന്റെ ഹിമകാലം

ഡോ. റെജിമോൾ സി ചെറിയാൻ ആലഞ്ചേരി



**കേരളത്തിന്റെ** ചുമലിൽ വിദ്യാഭ്യാസത്തിന്റെ മേലങ്കി ചാർത്തിയിട്ട് കാലങ്ങൾ കഴിഞ്ഞു. അക്ഷരനിലവാരത്തിലും ഉന്നതവിദ്യാഭ്യാസത്തിലും നാം മുന്നേറിയെങ്കിലും, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന പോരായ്മകളെ അവഗണിക്കാനാവില്ല.

കഴിഞ്ഞ 10 വർഷങ്ങളിൽ ഇന്ത്യയിൽ നിന്നും വിദേശത്തേയ്ക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുതിച്ചുയർന്നു. 2023-ലെ കണക്കുകൾപ്രകാരം, ഏകദേശം 8 ലക്ഷത്തോളം വിദ്യർത്ഥികൾ വിദേശത്തെ സർവ്വകലാശാലകളിൽ പ്രവേശനം തേടി. അവരുടെ കണ്ണുകളിൽ തിളങ്ങുന്നത്, എന്തുകൊണ്ട് നാട്ടിലെ വിദ്യാലയങ്ങൾ ഉപേക്ഷിക്കുന്നു എന്ന ചോദ്യത്തിന്റെ ഉത്തരങ്ങളാണ്. വിദേശ വിദ്യാഭ്യാസത്തിന്റെ ഇരുവശങ്ങൾ തീരത്തണയുന്ന തിരമാലകൾ പറന്നുയരുന്നത്, ലോകകീർത്തിയുള്ള സർവ്വകലാശാലകളുടെ, അതിർവേഗതയുടെ, ആകർഷകമായ കരിയർ സാധ്യതയുടെ ദർശനങ്ങളാണ്. ലോകോത്തര ഗവേഷണകേന്ദ്രങ്ങൾ, തൊഴിലവസരങ്ങൾ, വിവിധ സംസ്കാരങ്ങൾ ഉൾക്കൊള്ളുന്ന അനുഭവങ്ങൾ, സ്വതന്ത്രചിന്തയെ പ്രോത്സാഹിപ്പിക്കുന്ന പഠനരീതി - വിദേശത്തെ സർവ്വകലാശാലകൾ അവതരിപ്പിക്കുന്ന സാധ്യതകൾ നിരവധി. പക്ഷേ, ഈ കടപ്പുറത്തെ നിശബ്ദതയ്ക്ക് മറ്റൊരു കഥ പറയാനുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ് സയൻസ് കോളേജുകളിൽ ഈ വർഷത്തെ പ്രവേശനം കഴിഞ്ഞപ്പോൾ 5706 സീറ്റുകളാണ് നികത്തപ്പെടാതെ കിടക്കുന്നത്. കേരളത്തിലെ എൻജിനിയറിംഗ് കോളജുകളുടെ സ്ഥിതിയും മറിച്ചൊന്നല്ല. പല സ്വാശ്രയ സ്ഥാപനങ്ങളും/ കോഴ്സുകളും നടത്തിക്കൊണ്ടുപോകുവാൻ സാധിക്കാതെ നിർത്തലാക്കി കഴിഞ്ഞു.

എന്തുകൊണ്ട്, ചെറുപ്പക്കാർ നാട്ടിലെ വിദ്യാഭ്യാസ കാമ്പസുകളിൽനിന്നും മുഖം തിരിച്ചു നടക്കുന്നു? നമ്മുടെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകൾ എന്തൊക്കെയാണ്? ഇന്ത്യൻ വിദ്യാർത്ഥികളെ വിദേശത്തേയ്ക്ക് നയിക്കുന്ന പ്രധാന കാരണങ്ങളിലൊന്ന്, ഇവിടുത്തെ ഉന്നതവിദ്യാഭ്യാസത്തിലെ കുറവുകൾ തന്നെയാണ്. ഈ കുറവുകളെ, തിരിച്ചറിഞ്ഞ് പരിഹരിക്കാതെ, യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ നേടിയെടുക്കുക അസാധ്യമാണ്. പരീക്ഷാ കേന്ദ്രീകൃത വിദ്യാഭ്യാസം- ഗുണനിലവാരത്തേക്കാൾ പരീക്ഷാ രാജാവിന് പ്രാധാന്യം നൽകുന്ന മാർക്കും റാങ്കും മാത്രം ലക്ഷ്യമാക്കിയുള്ള - പഠനരീതി നിലനിർത്തുന്നു. വിമർശനാത്മക ചിന്തയും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിക്കുന്നതിനേക്കാൾ ഓർമ്മശക്തിയാണ് പ്രധാനമായും അളക്കപ്പെടുന്നത്.

* **കഴിവുകളും താൽപര്യങ്ങളും അവഗണിക്കാൻ** - വിദ്യാർത്ഥികളുടെ വ്യക്തിപരമായ കഴിവുകളും താൽപര്യങ്ങളും പരിഗണിക്കാതെ, ഏകീകൃത പാഠ്യപദ്ധതി അടിച്ചേൽപിക്കുന്ന രീതി നിലനിൽക്കുന്നു.

* **ഗുണനിലവാരം കുറഞ്ഞ വിദ്യാഭ്യാസം** - കാലഹരണപ്പെട്ട സിലബസ് തുടരുന്നതിനാൽ ഗുണനിലവാരം കുറഞ്ഞ വിദ്യാഭ്യാസം നടക്കുന്നു. വേണ്ടത്ര യോഗ്യതയില്ലാത്ത അദ്ധ്യാപകർ, അപര്യാപ്തമായ അടിസ്ഥാനസൗകര്യങ്ങൾ, കാമ്പസുകളിലെ രാഷ്ട്രീയ അതിപ്രസരം എന്നിവ ഇതിനു കാരണമാകുന്നു.

* **തൊഴിൽക്ഷമതയുടെ അഭാവം** – ഉന്നത വിദ്യാഭ്യാസം നേടിയവർ പോലും തൊഴിൽ വിപണയിൽ പൊരുത്തപ്പെടാൻ പലപ്പോഴും ബുദ്ധിമുട്ടുന്നു. തിയറിയേക്കാൾ പ്രായോഗിക പരിശീനത്തിന്റെ അഭാവമാണ് ഇതിന് പ്രധാന കാരണം.

* **സാമ്പത്തിക അസമത്വം** – ഉയർന്ന വിദ്യാഭ്യാസം ചെലവേറിയതാണ്. ഇത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നേടുന്നതിൽ തടസ്സമാകുന്നു.



## വിദേശവിദ്യാഭ്യാസത്തിന്റെ ഇരുണ്ട വശങ്ങൾ

വിദേശവിദ്യാഭ്യാസത്തിന്റെ തിളപ്പിന് പിന്നിൽ ഇരുണ്ടവശങ്ങൾ മറഞ്ഞിരിക്കുന്നു. വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന ചില പ്രശ്നങ്ങൾ ഇതാ–

**മാനസികാരോഗ്യപ്രശ്നങ്ങൾ:** വിദേശജീവിതത്തിന്റെ ക്ലേശങ്ങൾ, കുടുംബബന്ധങ്ങളുടെ അകലം, സാമ്പത്തിക പിരിമുറുക്കം, പുതിയ സംസ്കാരവുമായുള്ള പൊരുത്തപ്പെടൽ, ഭാഷാപ്രശ്നങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികളുടെ പലപ്പോഴും മാനസികാരോഗ്യത്തെ ബാധിക്കുന്നു. സ്വന്തം വേരുകൾ തിരിച്ചറിഞ്ഞ് വളരേണ്ട പ്രായത്തിൽ വിദേശമണ്ണിൽ കുറഞ്ഞുപോകുന്ന സ്വന്തം സംസ്കാരവും മൂല്യങ്ങളും കുടുംബത്തിൽ നിന്ന് അകന്നുപോകുന്ന ബന്ധങ്ങളും മറക്കാനാവാത്ത വേദനയാണ്. ഇത് അവരുടെ വ്യക്തിജീവിതത്തിലും സമൂഹത്തിലും പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

* **തൊഴിൽ മേഖലയിൽ അനുഭവപ്പെടുന്ന പരുക്കൻ യാഥാർത്ഥ്യങ്ങൾ:** കുറഞ്ഞ വരുമാനം, അധിക്ഷേപം, ദീർഘ ദിനചര്യകൾ, ചൂഷണം ഇവ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾക്ക് കാരണമാകുന്നു. വൻ സ്വപ്നങ്ങളുമായി കടൽകടന്ന പലരും യാഥാർത്ഥ്യങ്ങളുടെ കടലിൽപ്പെട്ട് നിരാശിയിലേക്ക് വഴുതി വീഴുന്നു. വിദേശത്ത് പഠിച്ച് മടങ്ങിയെത്തുന്ന വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ തൊഴിൽ കണ്ടെത്തുക എളുപ്പമല്ല. ഇതിന് കാരണം, വിദേശത്ത് നേടിയ കഴിവുകൾ ഇന്ത്യൻ തൊഴിൽ സമ്പ്രദായത്തിന് അനുയോജ്യമല്ല എന്നതാണ്.

## വിദ്യാർത്ഥികളുടെ പങ്ക്

വിദേശവിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങൾ മനസ്സിലാക്കി, തങ്ങളുടെ ഭാവിതീരുമാനങ്ങൾ എടുക്കുന്നതിൽ വിദ്യാർത്ഥികൾ ശ്രദ്ധിക്കണം. വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താൻ പഠിക്കാൻ ആഗ്രഹിക്കുന്ന വിഷയം, പഠിക്കാനാഗ്രഹിക്കുന്ന രാജ്യം, തന്റെ സാമ്പത്തികശേഷി, മാനസികാരോഗ്യനില എന്നിവ പരിഗണിക്കണം. വിദേശവിദ്യാഭ്യാസം നേടാൻ തീരുമാനിച്ചാൽ, അവരുടെ മാനസികാരോഗ്യം സംരക്ഷിക്കുവാനും വിദേശസംസ്കാരങ്ങളെക്കുറിച്ച് അറിയാനും ശ്രമിക്കണം.

## ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ മെച്ചപ്പെടുത്തുവാൻ എന്ത് ചെയ്യാം?

**കഴിവു കേന്ദ്രീകൃത വിദ്യാഭ്യാസം:** വിദ്യാർത്ഥികളുടെ വ്യക്തിപരമായ കഴിവുകളും താൽപര്യങ്ങളും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന

രീതിയിലേക്ക് മാറണം. ഇതിനായി, വിവിധ കഴിവുകൾ വിലയിരുത്തുന്ന രീതി വികസിപ്പിക്കണം.

**പ്രായോഗിക പരിശീലനം:** പരീക്ഷാധിഷ്ഠിത പഠനത്തിൽനിന്ന്, കഴിവും സർഗ്ഗാത്മകതയും വളർത്തുന്ന അനുഭവ വിദ്യാഭ്യാസത്തിലേക്ക് നമ്മുടെ വിദ്യാലയങ്ങൾ മാറണം. ഇതിനായി വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ഇന്റേൺഷിപ്പ്, പ്രോജക്ട് വർക്ക്, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും വേണം.

## ഗവേഷണ അവസരങ്ങൾ വർദ്ധിപ്പിക്കണം.

**ഗുണനിലവാരം ഉയർത്തൽ:** അദ്ധ്യാപകരുടെ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പുതിയ പാഠ്യപദ്ധതി നടപ്പാക്കൽ എന്നിവയിലൂടെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തണം. അന്താരാഷ്ട്ര നിലവാരങ്ങൾ പിന്തുടരുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകണം.

**തൊഴിൽ വിപണിയുമായി ബന്ധം:** വിദ്യാഭ്യാസസ്ഥാപനങ്ങൾ തൊഴിൽ വിപണിയുമായി കൈകോർത്തു പ്രവർത്തിക്കണം. കഴിവുകൾക്കനുസൃതമായ തൊഴിലവസരങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ ശ്രമിക്കണം. പ്രൊഫഷണൽ കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകണം.

**സാമ്പത്തിക പിന്തുണ:** വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ, കുറഞ്ഞ പലിശ നിരക്കിൽ ലോൺ സഹായങ്ങൾ എന്നിവ നൽകി സാമ്പത്തിക തടസ്സങ്ങൾ നീക്കണം.

വിദേശത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വം, സുസ്ഥിരവുമായ ജോലി സാഹചര്യങ്ങൾ ഉറപ്പാക്കാൻ ശ്രദ്ധിക്കണം.

സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ കൈകോർത്ത് പ്രവർത്തിച്ചാൽ കഴിവുകളും പ്രതിഭയും വിളങ്ങുന്ന ഒരു തലമുറയെ വളർത്തിയെടുക്കാനാവുമെന്നതിൽ തർക്കമില്ല. ഈ നടപടികൾ സ്വീകരിച്ചാൽ ഇന്ത്യൻ ഉന്നതവിദ്യാഭ്യാസ സമ്പ്രദായം മികച്ചതാകുകയും വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം ലഭിക്കുകയും നാട്ടിൽതന്നെ മികച്ച ഭാവി സൃഷ്ടിക്കാൻ അവസരം ലഭിക്കുകയും ചെയ്യും. പുതിയ ഇന്ത്യൻ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി, ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകൾ മനസ്സിലാക്കി മാറ്റത്തിനായുള്ള പരിശ്രമങ്ങൾ തുടരുമെന്ന് പ്രത്യാശിക്കാം.

*(ലേഖിക അസംപ്ഷൻ ഓട്ടോണമസ് കോളജിലെ മുൻ വൈസ് പ്രിൻസിപ്പലും പരീക്ഷാകൺട്രോളറുമാണ്).*

# അഭിനന്ദനങ്ങൾ... ആശംസകൾ



പുരോഹിതനായി അഭിഷിക്തനായ
ഫാ. റോബിൻ പുതുപ്പറമ്പിലിന്
ഇടവകയുടെ
നന്ദിയും ആശംസയും



25th
Anniversary

സന്യാസസമർപ്പണത്തിന്റെ
രജതജൂബിലിയാഘോഷിക്കുന്ന
സി. വിജയ CJ വള്ളിമലയ്ക്ക്
ഇടവകയുടെ പ്രാർത്ഥനാശംസകൾ





അതിരൂപതാ
കലാപ്രതിഭയായി
തെരഞ്ഞെടുക്കപ്പെട്ട
അലീന ആൻ സണ്ണിക്ക്
ഇടവകയുടെ
അഭിനന്ദനങ്ങൾ

ചങ്ങനാശേരി ഫൊറോനാ സൺഡേസ്കൂൾ
കലോത്സവത്തിൽ ഓവറോൾ സെക്കന്റ് നേടിയ
കത്തീഡ്രൽ ടീം





ദേശീയ സ്കൂൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ
സ്വർണമെഡൽ കരസ്ഥമാക്കിയ വർഗീസ് ജെ.
കൊടുപ്പുനപോളയ്ക്കലും ലോംഗ് ജമ്പിൽ
നാലാം സ്ഥാനം കരസ്ഥമാക്കിയ ജോവാന ജെയിസും



കോർപ്പറേറ്റ് മാനേജ്മെന്റ്
ഓഫ് സ്കൂളിന്റെ മികച്ച
അധ്യാപികയ്ക്കുള്ള അവാർഡ് ലഭിച്ച
സി. ലിൻസി ജോർജ് SABS



പിണ്ടികുത്തി തിരുനാൾ – ജനുവരി 5



വാർഡ് കൺവൻഷൻ, ഡിസം. 28 – ജനു. 7



ക്രിസ്തുമസ് ആഘോഷങ്ങൾ

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ ഡിസം. 28





രജതജൂബിലിയാഘോഷങ്ങൾ ജനു. 1







പൗലോസ് മാർ തോമാ അക്വീനാസ് പിതാവിന്റെ
ചരമദ്വിശതാബ്ദി, ചരിത്രഫലകം അനാച്ഛാദനം ഡിസം. 20

സീറോമലബാർ
ഹയരാർക്കി സ്ഥാപനം




പിതൃവേദി റൂബിജൂബിലി ആഘോഷം





അഖണ്ഡബൈബിൾ പാരായണം ഡിസം. 17

വിശുദ്ധ മൂറോൻ കൂദാശ നവം. 21









കരുണാർത്ഥന ഒക്ടോ. 10 – നവം. 26





യുവദീപ്തി ജന്മദിനാഘോഷം ഡിസം. 3

പിതൃവേദി റൂബിജൂബിലി പേടകപ്രയാണം

## കലോത്സവങ്ങൾ







സാവിയോസംഗമം












കാവുകാട്ടുമ്യൂസിയം പുനഃസമർപ്പണം ഒക്ടോ. 9


MAAC™
MAYA ACADEMY OF ADVANCED CREATIVITY
KOTTAYAM
VFX | ANIMATION | MULTIMEDIA | GAMING

EMI AVAILABLE
ADMISSION OPEN

Courses We Offer

നിങ്ങളുടെ സങ്കൽപ്പങ്ങളെ
ഭാവനയുടെ മായികലോകത്തിലൂടെ
സ്വന്തമാക്കണോ??

എങ്കിൽ VFX, Animation, Multimedia, Gaming
എന്നിവയുടെ വിപുലമായ ലോകത്തെ പരിചയപ്പെടാം
MAAC കോട്ടയത്തിലൂടെ

**Long Term Courses**

ADVFX Plus (VFX)
CE Plus (VFX)
AD3D Edge Plus (Animation)
Maya,Max,Blender
ADIDG (Gaming)
APGDI (Gaming)
DPW3D (Multimedia)
APDMC (Multimedia)


**Short Term Courses**

Compositing Pro
Motion Graphics Pro
Editing Pro




9995013778
9995013779
999503897

2nd Floor, Puthenveettil Arcade
Chavittuvari, Kottayam, Kerala 686006









# CATHOLIC MICRO CHARITY FORUM (REG)

**AKCC CATHEDRAL, CHANGANACHERRY**

**PH: 0481 2400006, 8089105002**


7–ാം ചരമവാർഷികം
(01.12.2023)
നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെക്കൂടി ഓർക്കേണമേ.
ജേക്കബ് തോമസ് (43)
(സജു)
മതിച്ചിപ്പറമ്പിൽ, ചങ്ങനാശേരി
ജനനം: 30.11.1973 മരണം: 01.12.2016


JOSE
ELECTRICALS & SANITARIES
Near Telephone Exchange
Malieckal Building, Changanacherry
Ph: 9447181593

# സ്നേഹസ്മരണയ്ക്ക്





**കെ. സി. സെബാസ്റ്റ്യൻ**
**മരണം : 09. 01. 1987**

**അന്നക്കുട്ടി സെബാസ്റ്റ്യൻ**
**മരണം : 10. 01. 2023**

**കൂട്ടുമ്മേൽ**
**കത്തീഡ്രൽ വാർഡ്, ചങ്ങനാശേരി**

# In loving memory of





**K.C. Jose**
(Ousepachan)
**Pancharayil House**
**Changanacherry**

**V.C. Joseph & Thankachi Joseph**
(Appachayan & Thankachi)
**Valiyaveedan, Angady**
**Changanacherry**

# സ്നേഹസ്മരണയ്ക്ക്





## 25 – ാം ചരമവാർഷികം



**മറിയക്കുട്ടി തോമസ്**

**കോയിപ്പള്ളി**

ചങ്ങനാശ്ശേരി

മരണം: 21.01.1999

"ഞാനാണ് പുനരുത്ഥാനവും
ജീവനും എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും
ജീവിക്കും." (യോഹ: 11.25)



**കെ.ജെ.തോമസ്**

**കോയിപ്പള്ളി**

ചങ്ങനാശ്ശേരി

മരണം: 20.03.2015



# ആധുനിക കാലഘട്ടത്തിൽ കുടുംബബന്ധങ്ങളുടെ പ്രസക്തി

“അപ്പനെയും അമ്മയെയും ആദരിക്കുന്ന മക്കൾ, മക്കളുമായി നല്ല ഹൃദയബന്ധങ്ങളും മാതാപിതാക്കൾ എന്നീ ഗുണങ്ങൾ കൂട്ടുകുടുംബത്തിന്റെ സവിശേഷതയാണ്.

**ടോം കുര്യൻ തോപ്പിൽ**



‘‘വസുധൈവകുടുംബകം’’ എന്ന ആപ്തവാക്യത്തിന്റെ അർത്ഥം ഭൂമി ഒരു കുടുംബമാണ് (വസുധ+ഏക+ കുടുംബകം). സമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണ്. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം.

ഈശോമിശിഹായിലുള്ള വിശ്വാസികളുടെ കൂട്ടായ്മയാണ് സഭ. സഭയുടെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ‘ഗാർഹികസഭ’ എന്നാണ് വിശേഷിപ്പിക്കുന്നത്.

ആധുനിക കാലഘട്ടത്തിൽ കുടുംബബന്ധങ്ങളുടെ പ്രസക്തി വളരെയധികം വർദ്ധിച്ചുവരികയാണ്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും ഒറ്റപ്പെടൽ, അവഗണന എന്നിവയുടെ ഭാവങ്ങളും ഭാരങ്ങളും മാറ്റി കരുതലിന്റെ കരുത്തു പകരുന്ന അനുഭവങ്ങൾ നിറയ്ക്കണം. തളർന്നുവീഴാതെ തളിർത്തുവളരാൻ ഒരു ഊന്നുവടിപോലെ ഉണർവു നൽകുന്ന ശക്തിയാവണം. ‘നീ ഒറ്റക്കല്ല ഒപ്പം എല്ലാവരും ഉണ്ട്’ എന്ന സന്ദേശം നൽകിക്കഴിയുമ്പോഴാണ് ഇടവകയിൽ നാം ഒരു കുടുംബമായിത്തീരുന്നത്.

ഒൻപതു ശതാബ്ദം പിന്നിടുന്ന ഇടവകസമൂഹം ഇപ്പോൾ സാമൂഹികവും സാംസ്കാരികവുമായി നാം വളർച്ച പ്രാപിച്ചു. പരി. കുർബാന

ലക്ഷ്യമാക്കിയുള്ള ഇടവക കൂട്ടായ്മകൾ മിശിഹായുടെ പ്രബോധനങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാകുമ്പോഴാണ് 'ഇടവകയിൽ നാം കുടുംബം' എന്ന ആദർശം സഫലമാകുകയുള്ളൂ.

പഴയകാലത്ത് കൂട്ടുകുടുംബങ്ങളാണ് ഉണ്ടായിരുന്നത്. തറവാടുകളും ഇല്ലങ്ങളും ഉദാഹരണമാണ്. കുടുംബങ്ങളെ രണ്ടായി തിരിക്കാം- അണുകുടുംബം, കൂട്ടുകുടുംബം. ആധുനികകാലത്ത് അപ്പനും അമ്മയും മക്കളുമടങ്ങുന്ന അണുകുടുംബമാണ് ഭൂരിപക്ഷവും. തറവാടുകളും കൂട്ടുകുടുംബങ്ങളും കാലക്രമേണ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

ആധുനികകാലത്ത് കുടുംബബന്ധങ്ങൾക്ക് പ്രസക്തി നഷ്ടപ്പെട്ടു. കൂട്ടുകുടുംബങ്ങളിൽ കുടുംബബന്ധങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. കുടുംബാംഗങ്ങൾ തമ്മിൽ സ്നേഹം, ഐക്യം, പരസ്പരസഹായമനോഭാവം, സഹിഷ്ണുത, ഊഷ്മളമായ കുടുംബബന്ധങ്ങൾ. അപ്പനെയും അമ്മയെയും ആദരിക്കുന്ന മക്കൾ, മക്കളുമായി നല്ല ഹൃദയബന്ധങ്ങളുള്ള മാതാപിതാക്കന്മാർ എന്നീ ഗുണങ്ങൾ കൂട്ടുകുടുംബത്തിന്റെ സവിശേഷതയാണ്. കാലത്തിന്റെ ഗതിയിൽ കൂട്ടുകുടംബങ്ങൾ അപ്രത്യക്ഷമായി. കുടുംബത്തിലെ അംഗങ്ങളുടെ വിവാഹം, ചരമം, ഗൃഹപ്രവേശം, ജീവിതത്തിലെ വിശേഷപ്പെട്ട അവസരങ്ങൾ എന്നീ സന്ദർഭങ്ങളിൽ മാത്രം കുടുംബാംഗങ്ങൾ ഒത്തുചേരുകയും പിരിയുകയും ചെയ്തു. കുടുംബങ്ങളിൽ അംഗങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങൾ സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. വീണ്ടും കുടുംബസംഗമത്തിൽ പങ്കെടുക്കുവാനുള്ള ആഗ്രഹവും ആവേശവും സൃഷ്ടിക്കുകയും നല്ല കുടുംബങ്ങൾ ഉണ്ടാകാനുള്ള സാധ്യതകൾ സമൂഹജീവിതത്തിന് പ്രത്യാശ നൽകുന്നു.

## അഭിനന്ദനങ്ങൾ...




ചങ്ങനാശ്ശേരി ഫൊറോന കുടുംബക്കൂട്ടായ്മ
ബൈബിൾ അപ്പസ്തോലേറ്റ്
ജനറൽ കൺവീനർ **ജോബി തൂമ്പുങ്കൽ**
ജനറൽ സെക്രട്ടറി **ലൂസി ആന്റണി നെടുംപറമ്പിൽ**



# ഇടവക വാർത്തകൾ

## സൺഡേസ്കൂൾ റിപ്പോർട്ട്

വിശ്വാസം എന്നത് ദൈവം നമുക്കു നൽകുന്ന ഒരു സമ്മാനമാണ്. ദൈവിക വെളിപാടിന് വേണ്ടവിധത്തിൽ പ്രത്യുത്തരമേകുവാൻ സഭാമാതാവ് ഒരുക്കിയിരിക്കുന്ന സംവിധാനമാണ് വിശ്വാസപരിശീലനം. ''വിശ്വാസജീവിതത്തിൽ' എന്ന വിഷയത്തിന്റെ ചുവടുപിടിച്ച് മുന്നേറിക്കൊണ്ടിരിക്കുന്ന സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേസ്കൂളിന്റെ കർമ്മപരിപാടികളുടെ അവലോകനം. മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന കാവുകാട്ട് പിതാവിന്റെയും കാളാശേരി പിതാവിന്റെയും ഓർമ്മദിനത്തിൽ ചന്തക്കടവ് കുരിശടിയിൽ നിന്നാരംഭിച്ച തീർത്ഥാടനത്തിൽ കുട്ടികൾ പങ്കെടുത്തു. വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് മിഷൻലീഗിന്റെ അംഗത്വനവീകരണം നടത്തി.

**ഫൊറോനാ അതിരൂപതാ കലോത്സവം**

2023-ലെ "Salom Fest'" -ൽ നമ്മുടെ സൺഡേസ്കൂൾ സെക്കന്റ് ഓവറോൾ കരസ്ഥമാക്കി. രചനാമത്സരം, ബൈബിൾ ക്വിസ്, സംഗീതം, നാടകം, മാർഗ്ഗംകളി, ഗാനമേള എന്നിവയ്ക്ക് ഫസ്റ്റ് എ ഗ്രേഡ് ലഭിച്ചു. ഈ വിജയത്തിന് പിന്നിൽ ഒട്ടേറെ അധ്യാപകരുടെ നിസ്വാർത്ഥമായ സേവനം ഉണ്ട്. ഈ അവസരത്തിൽ കുട്ടികളെ ഒരുക്കിയ



എല്ലാ അധ്യാപകരേയും വിജയം നേടിയ കുട്ടികളേയും അഭിനന്ദിക്കുന്നു. അതിരൂപതാതലത്തിലും മാർഗ്ഗംകളി ബോയ്സ്, ഗാനമേള എന്നീ




മത്സരത്തിന് ഫസ്റ്റ് എ ഗ്രേഡ് കരസ്ഥമാക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു എന്നത് അഭിമാനത്തോടെ അറിയിക്കട്ടെ.

**SMCC** – സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ എല്ലാ വർഷവും സൺഡേസ്കൂളിൽ XII–ാം ക്ലാസ് പഠിക്കുന്ന ഏറ്റവും മികച്ച രണ്ട് കുട്ടികളെ ഫൊറോനാ ക്യാമ്പിലേക്ക് സെലക്റ്റ് ചെയ്യുന്നു. നൂറോളം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പിൽ നമ്മുടെ സൺഡേസ്കൂളിൽ നിന്ന് ജോയൽ ജിജി, അലീന ആൻ സണ്ണി എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. അതിരൂപതാ ക്യാമ്പിൽ ഇവർ പങ്കെടുക്കുകയും ഈ ക്യാമ്പിൽ വച്ച് അലീന ആൻ സണ്ണി കലാപ്രതിഭയായി തിരഞ്ഞെടുത്തു എന്നത് ഏറെ അഭിമാനത്തിന് വക നൽകുന്ന കാര്യമാണ്.

**സാവിയോ സംഗമം**

ചങ്ങനാശേരി ഫൊറോന അൾത്താര ബാലന്മാർക്കായി സംഘടിപ്പിച്ച സാവിയോ സംഗമത്തിൽ 175 കുട്ടികൾ പങ്കെടുത്തു. അഭിവന്ദ്യ തോമസ് തറയിൽ പിതാവും താനമാവുങ്കൽ അച്ചനും അൾത്താര ശുശ്രൂഷകരെ കാണുകയും അനുമോദനങ്ങൾ നേരുകയും ചെയ്തു. ഓൾട്ടർബോയ്സിന്റെ ഉത്തരവാദിത്വത്തങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഫാ. ജോർജ് വല്ലയിൽ കുട്ടികൾക്ക് ക്ലാസ്സ് നയിച്ചു. നമ്മുടെ ഇടവകയിൽനിന്ന് 30 കുട്ടികൾ ഈ മീറ്റിംഗിൽ പങ്കെടുത്തു.

**അധ്യാപക സംഗമം**

ചങ്ങനാശേരി ഫൊറോന മതാദ്ധ്യാപക സംഗമം നമ്മുടെ പള്ളിയിൽവച്ച് നടത്തപ്പെട്ടു. 1440 അദ്ധ്യാപകർ സംഗമത്തിൽ പങ്കുചേർ





ന്നു. പരി. കുർബാനയെക്കുറിച്ച് റവ. ഫാ. ജോസഫ് ചാലാശ്ശേരി ക്ലാസ്സ് നയിച്ചു. നമ്മുടെ സൺഡേസ്കൂളിൽനിന്ന് 36 അദ്ധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.

**മിഷൻ ഞായർ**

ഒക്ടോബർ 22-ാം തീയതി വിരുതനഗർ എന്ന മിഷനുവേണ്ടി കുട്ടികളും അദ്ധ്യാപകരും ചേർന്ന് ഭവനസന്ദർശനം നടത്തി കുടുംബകൂട്ടായ്മയുടെ സഹകരണത്തോടെ നവംബർ 26-ാം തീയതി മ്ഹഗിയാനൂസാ എന്ന പേരിൽ ഫുഡ്ഫെസ്റ്റ് നടത്തി. ഈ പ്രവർത്തനത്തിലൂടെ ഇടവകയിലെ കുടുംബങ്ങളും കുട്ടികളും അധ്യാപകരും തമ്മിൽ പരസ്പരം അറിയാനും നമുക്കുള്ളതിൽനിന്ന് മറ്റുള്ളവരെ സഹായിക്കാൻ തയ്യാറാകണം എന്ന പാഠം ഉൾക്കൊള്ളാനും സാധിച്ചു. ഈ മഹത്തായ സംരംഭത്തിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ജോസ് കൊച്ചുപറമ്പിലച്ചനെയും, ലിപിനച്ചനെയും അദ്ധ്യാപകരേയും, കൂട്ടായ്മ ലീഡേഴ്സിനെയും, കുട്ടികളെയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതിൽനിന്ന് പിരിഞ്ഞുകിട്ടിയ 1,50,000/- രൂപ വിരുതനഗർ മിഷനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തു. മംഗളവാർത്തക്കാലത്തെ വരവേൽക്കാനായി ആദ്യശനിയാഴ്ച അദ്ധ്യാപകരും കുട്ടികളും ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ 6:30 ന് സായാഹ്ന നമസ്കാരവും ആരാധനയും നടത്തി. ഡിസംബർ 3 നമ്മുടെ ഇടവകയുടെ പിതാവായ റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ അച്ചന്റെ ജന്മദിനത്തിന് എല്ലാവിധ ആശംസകൾ നേർന്നു. സിസ്റ്റർ റാണിമരിയയുടെ ജീവിതത്തെ ആസ്പദമാക്കി “The Face of the Faceless’ എന്ന സിനിമ കാണാൻ 100 കുട്ടികളും അദ്ധ്യാപകരും പങ്കെടുത്തു.

**CRT Visit**

ഡിസംബർ 10-ാം തീയതി സൺഡേസ്കൂൾ സന്ദർശിക്കാൻ കാറ്റകറ്റിക്കൽ റിസോഴ്സ് ടീം അംഗങ്ങളായ ജോസുകുട്ടി കുട്ടംപേരൂർ, സി. അനിജ ആലഞ്ചേരി SABS എത്തുകയും കുട്ടികളുടെ വിശ്വാസ പരിശീലനവേദി ആദ്യന്തം വിലയിരുത്തുകയും ചെയ്തു. പരിശുദ്ധ കുർബാനയിലെ പങ്കാളിത്തം, മിഷൻലീഗ്, അൾത്താരബാലന്മാർ എന്നിവരുടെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും അറിവും അനുഭവജ്ഞാനമുള്ള അദ്ധ്യാപകരുടെ സേവനങ്ങൾക്ക് നന്ദി പറഞ്ഞു.

**Christmas Celebration**

ഡിസംബർ ഒന്നു മുതൽ 25 ദിവസവും കുട്ടികൾ ദൈവാലയത്തിൽ എത്തി പരിശുദ്ധ കുർബാനയിൽ പങ്കുകൊണ്ട് ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ക്രിസ്മസ് കാർഡ്, ഉണ്ണീശോയ്ക്ക് ഒരു കത്ത്, പുൽക്കൂട് എന്നീ മത്സരങ്ങൾ നടത്തി. ക്രിസ്മസ് നൈറ്റ് എന്ന പ്രോഗ്രാം അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തി.

കുട്ടികളുടെ പരിപാടി കാണാൻ അഭി. പെരുന്തോട്ടം പിതാവ് എത്തുകയും നല്ല ഒരു സന്ദേശം നൽകുകയും മത്സരവിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

**നൂറുമേനി വചനപഠനം**

നൂറുമേനി വചനപഠനത്തിന്റെ ഭാഗമായി ബൈബിൾ പ്രതിഷ്ഠ നടത്തുകയും എല്ലാ സൺഡേയിലും 3 വചനം വീതം കുട്ടികളെ കാണാതെ പഠിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

**അഭിനന്ദനങ്ങൾ**

1. ഫൊറോനാ കലോത്സവം (Salom Fest) ൽ II[nd] overall കരസ്ഥമാക്കിയ സെന്റ് മേരീസ് മെത്രാപ്പോലീത്തിൻ സൺഡേസ്കൂളിലെ എല്ലാ മക്കൾക്കും അഭിനന്ദനങ്ങൾ.
2. സെന്റ് മേരീസ് മെത്രാപ്പോലീത്തിൻ സൺഡേസ്കൂളിൽ 8 മാസത്തോളം സ്തുത്യർഹമായ സേവനം ചെയ്ത് പൗരോഹിത്യ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ട റോബിൻ പുതുപറമ്പിലച്ചന് സൺഡേസ്കൂളിന്റെ പേരിലുള്ള അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.
3. പുഴവാത് സൺഡേസ്കൂളിൽ വച്ച് നടത്തിയ Sunny Vazhintadum Memoral Quiz ൽ II[nd] prize കരസ്ഥമാക്കിയ സ്റ്റെഫി സോജി, അന്നമോൾ മാർട്ടിൻ എന്നിവർക്കും 13-ാമത് അഖിലകേരള കുര്യാളശേരി ക്വിസ് മത്സരത്തിൽ പങ്കെടുത്ത് III[rd] prize കരസ്ഥമാക്കിയ സെന്റ് മേരീസ് കത്തീഡ്രൽ സൺഡേസ്കൂൾ വിദ്യാർത്ഥികളായ ജോയേൽ ജോ ജോസഫിനും ശ്രേയാ സിനോയ്ക്കും അഭിനന്ദനങ്ങൾ.

## കത്തീഡ്രൽ മാതൃവേദി

നമ്മുടെ ഇടവകയിൽ 1980-ൽ ആരംഭിച്ച് 2023 ൽ 43-ാം ജന്മദിനം ആഘോഷിച്ച 'മാതൃവേദി' സംഘടന ഏറെ ഭംഗിയായും മേലധികാരിളുടെ നിർദ്ദേശമനുസരിച്ചും അതിരൂപതയുടേയും ഫൊറോനയുടേയും നിയമങ്ങൾ പാലിച്ചും ഇടവകയിലെ ഒരു നല്ല പ്രസ്ഥാനമായി നിലകൊള്ളുന്നു. ഓരോ മാസത്തിലും മൂന്നാമത്തെ ആഴ്ചയിൽ യൂണിറ്റ് മീറ്റിംഗ് നടത്തുന്നു. അന്നേദിവസം അടുത്തമാസത്തേയ്ക്ക് ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തും, യൂണിറ്റ് ഡയറക്ടറിന്റെയും, ആനിമേറ്ററിന്റേയും നിർദ്ദേശമനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു. നവംബർ മാസത്തിൽ നടത്തിയ ജീവകാരുണ്യമാസാചരണം, ഇടവകയിലെ രോഗികളായവരേയും നിർദ്ധനരായവരേയും കണ്ടെത്തി അവർക്കുവേണ്ട സഹായസഹകരണങ്ങൾ നല്കി ഇടവക ദൈവാലയത്തിൽ എത്തിച്ച് പരിശുദ്ധ കൂദാശകളിൽ സംബന്ധിക്കുന്നത് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി



ക്കൊടുക്കുകയും ചെയ്തു. ഡിസംബർ മാസത്തിൽ അതിരൂപതയിൽ നടത്തിയ പിതൃവേദി ജൂബിലിയുടെ പേടകപ്രയാണത്തിനും സമാപന സമ്മേളത്തനും ആവേശകരമായ വരവേല്പു നൽകിന്നതിന് 'മാതൃവേദി കുടുംബം' തനതായ പങ്കുവഹിച്ചു. 25 നോമ്പിന്റെ ദിനങ്ങളിൽ ഇടവകയിലെ വയോജനങ്ങളെ ഒരുമിച്ചുകൂട്ടുകയും, കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്ര ഡയറക്ടറായ തോമസ് പ്ലാപ്പറമ്പിലച്ചന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുമ്പസാരവും വിശുദ്ധ ബലിയും ക്ലാസ്സും നടത്തുകയും ക്രിസ്സ് മധുരം നല്കുകയും ചെയ്തു. നോമ്പിന്റെ വിഹിതമായി അമ്മമാർ ശേഖരിച്ച ചെറിയ ഒരു തുക മാനസികവൈകല്യങ്ങൾ നേരിടുന്ന മക്കൾക്ക് നല്കി അവരോടൊപ്പം ഉണ്ണിയേശുവിന്റെ 'പിറവി'യുടെ സന്തോഷം പങ്കിടുകയും ചെയ്തു. അതിന് ഞങ്ങൾക്ക് അവസരം ഒരുക്കിത്തന്ന യൂണിറ്റ് ഡയറക്ടർ ജസ്റ്റിൻ തൈക്കളം അച്ചനും ആനിമേറ്റർ സി. റോസ് മരിയ സി.എം.സി.യ്ക്കും നന്ദി. ഞങ്ങളുടെ വികാരിയച്ചന്റെ 'ജന്മദിനവും', ജസ്റ്റിനച്ചന്റെ ഫീസ്റ്റും സംഘടനാംഗങ്ങൾ സാഘോഷം ആചരിച്ചു. 'ഇടയനോടൊപ്പം' എന്ന പ്രോഗ്രാം നടത്തുകയും യൂണിറ്റ് ഡയറക്ടറിന്റേയും സിസ്റ്ററിന്റെയും ഒപ്പം തീർത്ഥാടനം നടത്തുകയും ചെയ്തു. (ആലുവാ സെമിനാരി സന്ദർശനം) രോഗികളേയും, നിർദ്ധനരേയും കണ്ടെത്തുന്നതിനും വിദ്യാഭ്യാസസഹായങ്ങൾ ആതുരാലയങ്ങളിൽ ഭക്ഷണം എത്തിച്ചുകൊടുക്കുന്നതിനും അമ്മമാരുടെ സംഘടന പ്രത്യേകം താല്പര്യമെടുക്കുന്നു. എല്ലാ പ്രവർത്തനങ്ങളും ഭംഗിയായും ചിട്ടയായും നടത്തുന്നതിനും സംഘടനയെ കൂടുതൽ സജീവമാക്കുന്നതിനും ഞങ്ങളുടൊപ്പം നിന്ന് ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നല്കുകയും ചെയ്യുന്ന സംഘടനയുടെ അമരക്കാരൻ ഫാ. ജസ്റ്റിൻ തൈക്കളത്തിനും സി. റോസ് മരിയ സി.എം.സിയ്ക്കും എല്ലാറ്റിനും ഉപരിയായി സർവ്വശക്തനായ ദൈവത്തിനും നന്ദി അർപ്പിച്ചുകൊണ്ട്

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **വത്സമ്മ ജയിംസ് ആറുപറയിൽ** | **ലീലാമ്മ പടനിലം** |

## കത്തീഡ്രൽ പിതൃവേദി - പ്രവർത്തന റിപ്പോർട്ട്

2023 പ്രവർത്തന വർഷ ഉദ്ഘാടനം ഫെബ്രുവരി മാസം 5-ാം തീയതി ബഹു. വികാരി ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവ്വഹിച്ചു. ഫൊറോന പിതൃവേദി പ്രസിഡന്റ് റ്റോമിച്ചൻ റൂബി ജൂബിലി



സന്ദേശവും ശ്രീമതി ഷൈലജ രാജു ചരിത്ര പ്രകാശനവും നടത്തി.

**തണൽ - ജീവകാരുണ്യ പദ്ധതി**

നിർദ്ധനരായ കാൻസർ രോഗികളെ ചികിത്സിക്കുന്നതിന്റെ ഭാഗമായി പിതൃവേദി റൂബി ജൂബിലിയോടനുബന്ധിച്ച് സന്മനസ്സുള്ള 25 വ്യക്തികളിൽ നിന്ന് തുക സമാഹരിച്ച് വിദ്യാഭ്യാസ-ചികിത്സാ സഹായമായി 10 വ്യക്തികൾക്ക് 5000/- രൂപ വീതം 50,000/- രൂപ നൽകുകയുണ്ടായി.

**തിരുബാലസഖ്യം**

ഇടവകയിൽ ഈ വർഷം 2023 ഫെബ്രുവരി 12-ാം തീയതി തുടക്കം കുറിച്ചു. തിരുബാലസഖ്യത്തിൽ മുപ്പതോളം കുട്ടികൾ ചേരുകയുണ്ടായി. എല്ലാ മാസവും പിതാക്കന്മാർ ക്ലാസ്സിൽ പോകുകയും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

**കുടുംബസംഗമം - ഗൻസമീറ്റ്:** കത്തീഡ്രൽ പിതൃവേദിയുടെ കുടുംബസംഗമം 2023 ജൂൺ 11-ാം തീയതി നടത്തപ്പെട്ടു. അംഗങ്ങളുടെ മക്കൾക്ക് മെരിറ്റ് അവാർഡ് നൽകി. വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചു. കലാപരിപാടികളും സ്നേഹവിരുന്നും നടത്തപ്പെട്ടു.

**മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം:** മണിപ്പൂരിൽ വേദനയനുഭവിക്കുന്ന ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പിതൃവേദി അംഗമായി ജപമാല റാലി നടത്തി.

**മെഡിക്കൽ ക്യാമ്പ്**: കത്തീഡ്രൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ ചെത്തിപ്പുഴ ആശുപത്രിയുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി.

**തീർത്ഥാടനം:** വിശുദ്ധ ദൈവസഹായം പിള്ളയുടെ കബറിടത്തിലേക്ക് പിതൃവേദി അംഗങ്ങൾ തീർത്ഥാടനം നടത്തി.

**കലോത്സവം:** ഫൊറോന കലോത്സവത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും രചനാമത്സരത്തിലും, സംഘഗാനമത്സരത്തിൽ ഒന്നാം സ്ഥാനവും കോൽക്കളിയിൽ 3-ാം സ്ഥാനവും കരസ്ഥമാക്കി. കലോത്സവത്തിൽ പങ്കെടുത്ത കലാകാരന്മാരെ ഉൾപ്പെടുത്തി സ്നേഹസംഗമം നടത്തി.

**പേടകപ്രയാണം:** അതിരൂപതാ റൂബി ജൂബിലി ഭാഗമായി നടത്തിയ



പേടകപ്രയാണത്തിന് കത്തീഡ്രൽ യൂണിറ്റ് ഗംഭീര സ്വീകരണം നൽകി. തുടർന്ന് നടന്ന റാലിയിലും അംഗങ്ങൾ പങ്കെടുത്തു.

**മുണ്ട് ചലഞ്ച്:** അതിരൂപത നടത്തിയ 'മുണ്ട് ചലഞ്ചിൽ' പങ്കെടുക്കുകയും ഇതിൽനിന്ന് കിട്ടിയ ലാഭം നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസ സഹായമായി നൽകി.

**വെള്ളപ്പൊക്ക ദുരിതാശ്വാസം:** വെള്ളപ്പൊക്ക സമയത്ത് പിതൃവേദി അംഗങ്ങൾ ദുരിതബാധ സ്ഥലങ്ങൾ സന്ദർശിക്കുകയും ദുരിതാശ്വാസ പ്രവർത്തനം നടത്തുകയും ചെയ്തു.

**നേർച്ചക്കഞ്ഞി വിതരണം:** നോമ്പുകാലത്ത് വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴി നടത്തുകയും നേർച്ച കഞ്ഞി വിതരണം നടത്തുകയും ചെയ്തു.

**അംഗപരിമിതർക്ക് സഹായം:** പിതൃവേദി അംഗങ്ങൾ വാഴപ്പള്ളിയിലുള്ള പ്രതീക്ഷ ചാരിറ്റബിൾ കേന്ദ്രം സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.

**പ്രോലൈഫ് ദിനം**: മാർച്ച് 25 പ്രോ-ലൈഫ് ദിനമായി ആചരിച്ചു. കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

**ഗ്രാൻഡ് പേരന്റ്സ് ഡേ:** ജൂൺ 23-ാം തീയതി ഗ്രാൻഡ് പേരന്റ്സ് ഡേ നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**ലോക പിതൃദിനം:** ലോക പിതൃദിനത്തോടനുബന്ധിച്ച് മുതിർന്ന പിതാക്കന്മാരെ ആദരിക്കുകയുണ്ടായി.

**ഒരു നേരത്തെ ആഹാരം:** കത്തീഡ്രൽ പിതൃവേദി അംഗങ്ങൾ മാസത്തിൽ ഒരിക്കൽ കൂട്ടായ്മകളിൽനിന്ന് ഭക്ഷണം ശേഖരിച്ച് അനാഥാലയങ്ങൾക്ക് നൽകിവരുന്നു. അതിരൂപത, ഫൊറോന തലങ്ങളിൽ നടക്കുന്ന എല്ലാ പരിപാടികൾക്കും കത്തീഡ്രൽ പിതൃവേദി സഹകരിക്കുകയും ചെയ്തുവരുന്നു. കത്തീഡ്രൽ പിതൃവേദിയുടെ പ്രവർത്തന റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

ഡയറക്ടർ
**ഫാ. ജെസ്റ്റിൻ തൈക്കളം**

പ്രസിഡന്റ്
**ബിനോ ജോൺ**

സെക്രട്ടറി
**സോണി കരിമറ്റം**

# കാതോലിക്കാ കോൺഗ്രസ്



കത്തോലിക്കാ കോൺഗ്രസ് കത്തീഡ്രൽ ശാഖയുടെ കഴിഞ്ഞ 3 മാസത്തെ പ്രവർത്തന റിപ്പോർട്ട്

**ഒക്ടോബർ 9 കാവുകാട്ടുദിനാചരണം**

53-ാമതു ചരമവാർഷികദിനമായ ഒക്ടോബർ 9ന് കത്തീഡ്രൽ പള്ളിയിൽ പിതാവിന്റെ കല്ലറയിലേക്ക് തീർത്ഥാടകരായി എത്തിയ 10000 ത്തോളം വിശ്വാസികൾക്ക് കത്തീഡ്രൽ എ.കെ.സി.സി. കുടിവെള്ളം വിതരണം ചെയ്തു. കഴിഞ്ഞ 10 വർഷമായി ഈ ദൗത്യം കത്തോലിക്കാ കോൺഗ്രസ് നിർവഹിച്ചുവരുന്നു. ഈ വർഷത്തെ ശുദ്ധജലവിതരണം കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

**അതജീവനയാത്രയ്ക്ക് സ്വീകരണം**

സർക്കാരുകളുടെ കർഷകവിരുദ്ധ സമീപനം, കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച, വന്യമൃഗ ആക്രമണം എന്നീ വിഷയങ്ങളിലുള്ള ഭരണകർത്താക്കളുടെ നിഷ്ക്രിയത്വം, ജസ്റ്റീസ് ബഞ്ചമിൻ കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമതി നടത്തിയ അതിജീവനയാത്ര 20-ാം തീയതി ചങ്ങനാശേരിയിൽ എത്തചേർന്നപ്പോൾ കത്തീഡ്രൽ എകെസിസിയുടെ നേതൃത്വത്തിൽ പെരുന്ന ബസ് സ്റ്റാൻഡ് പരിസരത്തുവച്ച് ഗംഭീര സ്വീകരണം നൽകി, സ്വീകരണത്തിന് കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, എകെസിസി ഫൊറോന ഡയറക്ടർ ഫാ. ലിബിൻ തുണ്ടുകളം, കത്തീഡ്രൽ എകെസിസി പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

**സ്വീകരണം നൽകി**

എകെസിസി ഫൊറോന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സൈബി അക്കരക്കും, പാസ്റ്ററൽ കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ജോസി കല്ലുകളത്തിനും എകെസിസി ശാഖാ പൊതുയോഗം സ്വീകരണം നൽകി.

**കാത്തലിക് മൈക്രോ ചാരിറ്റി**

കത്തീഡ്രൽ എകെസിസിയുടെ കീഴിലുള്ള ഒരു എസ്എച്ച് ഗ്രൂപ്പാണ് കാത്തലിക് മൈക്രോ ചാരിറ്റി. നമ്മുടെ പള്ളിയിൽ ശവസംസ്കാരത്തിനായി മഞ്ചൽ സർവ്വീസ് വിജയകരമായി നടത്തികൊണ്ടുപോകുന്നത് അവരാണ്. ചെറിയ വണ്ടിക്കൊപ്പം, ഒരു വലിയ മഞ്ചൽ വണ്ടികൂടി തയ്യാറാക്കിയിരിക്കുന്നു. അതിന്റെ വെഞ്ചരിപ്പുകർമം വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

**ക്രിസ്തുമസ് ആഘോഷം ജനറൽ ആശുപത്രിയിൽ**

എല്ലാ വർഷത്തെയുംപോലെ ഈ വർഷവും ഡിസംബർ 22 വെള്ളി ചങ്ങനാശേരി താലൂക്ക് ജനറൽ ആശുപത്രിയിൽവച്ച് എകെസിസി കത്തീഡ്രൽ ശാഖ വിപുലമായ ക്രിസ്മസ് ആഘോഷം നടത്തി. ആശുപത്രിയിൽ 180 ഓളം ജീവനക്കാരും 200 നടുത്ത് കിടപ്പുരോഗികളും ചടങ്ങിന്റെ ഭാഗമായി. എല്ലാവർക്കും ക്രിസ്മസ് കേക്ക് നൽകി. അഡ്വ. ജോബ് മൈക്കിൾ എംഎൽഎ ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി, റവ. ഫാ. ലിബിൻ തുണ്ടുകളം, എകെസിസി ഫൊറോന പ്രസിഡന്റ് സൈബി അക്കര, ടോമിച്ചൻ അയ്യരുകുളങ്ങര, ജോസി കല്ലുകളം, കുഞ്ഞുമോൻ കുരിശുംമൂട്ടിൽ, ജോബി തൂമ്പുങ്കൽ, കുഞ്ഞുമോൻ തൂമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു.

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **ടോമിച്ചൻ അയ്യരുകുളങ്ങര** | **ജോസി കല്ലുകളം** |

## കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്റ്റലേറ്റ്

മെത്രാപ്പോലിത്തൻ ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും കുടുംബക്കൂട്ടായ്മാംഗങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

**നുഹ്റ-2024:** ഇടവകയിൽ ആത്മീയ ഉണർവ് നൽകിക്കൊണ്ട് നുഹ്റ 2024 എന്ന പേരിൽ മകരം തിരുനാളിനോടനുബന്ധിച്ച് 2023 ഡിസംബർ 28, 30, 31, 2024 ജനുവരി 6,7 തീയതികൾ നടത്തുകയുണ്ടായി. കത്തീഡ്രൽ, അങ്ങാടി-പോത്തോട്, വെജിറ്റബിൾ മാർക്കറ്റ്, ഫിഷ് മാർക്കറ്റ്, കാക്കാംതോട്-വണ്ടിപ്പേട്ട-മഞ്ചാടിക്കര, മറ്റം-പൂവക്കാട്ടുചിറ, അസംപ്ഷൻ, പാസ്റ്ററൽ സെന്റർ, ഗത്സമനി, വാഴപ്പള്ളി എന്നീ പത്തു കൂട്ടായ്മ വാർഡുകളിലെ ശുശ്രൂഷകൾക്ക് ഫാ. ഷിബിൻ ചൂരവടി, ഫാ. ജെനി ഇരുപതിൽ, ഫാ. സ്മിത്ത് സ്രാമ്പിക്കൽ, പ്രൊഫ. പി.സി. അനിയൻകുഞ്ഞ് എന്നിവർ വചനപ്രഘോഷണത്തിന് നേതൃത്വം നൽകി. ജപമാലയോടുകൂടി ആരംഭിച്ച് റംശാ, വചനപ്രഘോഷണം, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നീ

ക്രമത്തിലായിരുന്നു ഓരോ കൺവൻഷനും. ഒരു ദിവസം രണ്ടു വാർഡുകളിലായി നടന്ന കൺവൻഷനുകളിൽ പെരിയ ബഹുമാനപ്പെട്ട വികാരി കൊച്ചുപറമ്പിൽ ജോസ് അച്ചന്റെ മഹനീയ സാന്നിദ്ധ്യമുണ്ടായിരുന്നു.

**അഖണ്ഡ ബൈബിൾ വാരാചരണം:** ബൈബിൾ അപ്പസ്തോലേറ്റിന്റെയും കുടുംബക്കൂട്ടായ്മ ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ മെത്രാപ്പോലീത്തൻ പള്ളിയിൽ അഖണ്ഡ ബൈബിൾ പാരായണം നടന്നു. അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ബൈബിൾ പാരായണം ഉദ്ഘാടനം ചെയ്തു. ഫാ. വർഗീസ് മറ്റത്തിൽ സുറിയാനി ഭാഷയിലും ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റ്യാനിക്കൽ ഗ്രീക്ക് ഭാഷയിലും വചനപാരായണം നടത്തി. കത്തീഡ്രൽ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ, റവ. ഫാ. ജോർജ് മാന്തുരുത്തി എന്നിവർ പ്രസംഗിച്ചു. 12 മണിക്കൂർ നീണ്ടുനിന്ന അഖണ്ഡ ബൈബിൾ പാരായണത്തിന് അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന 60 ൽ അധികം സന്യാസിനി സമൂഹങ്ങളിലെ സിസ്റ്റേഴ്സും മെത്രാപ്പോലീത്തൻ പള്ളിയിലെ വിവിധ കുടുംബക്കൂട്ടായ്മകളും നേതൃത്വം നൽകി.

**അതിരൂപതാ ബൈബിൾ കൺവൻഷൻ**

മഹാജൂബിലി വർഷത്തിൽ ആരംഭിച്ച ചങ്ങനാശേരി അതിരൂപതാ ബൈബിൾ കൺവൻഷൻ രജതജൂബിലി നിറവിലേക്ക് പ്രവേശിക്കുന്നു. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നയിക്കുന്ന കൺവൻഷൻ 2024 ഫെബ്രുവരി 14 മുതൽ 18 വരെ കത്തീഡ്രൽ പള്ളി മൈതാനിയിൽ നടക്കുകയാണ്. 25-ാമത് അതിരൂപതാ ബൈബിൾ കൺവൻഷന്റെ കാര്യങ്ങൾക്കായി കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുതുടങ്ങി.

നൂറുമേനി ദൈവവചന പഠനത്തിന്റെ പുണ്യദിനങ്ങൾ വരവായി. ഇടവകതല ഉദ്ഘാടനം 2023 നവംബർ 26-ാം തീയതി കത്തീഡ്രൽ വികാരി ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

**ദനഹാത്തിരുനാൾ:** ഈ വർഷം പിണ്ടികുത്തിതിരുനാൾ സസ്യമാർക്കറ്റിലെ കുരിശടിയിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ ആഘോഷമായ റംശാ, തുടർന്ന് ചന്തക്കടവ് തിരുക്കുടുംബ ദൈവാലയത്തിലേക്ക് കത്തിച്ച തിരിയുമായി ആഘോഷമായ പ്രദക്ഷിണം. തുടർന്ന് ചന്തക്കടവ് തിരുക്കുടുംബ ദൈവാലയത്തിൽ ക്രമീകരിച്ചിരുന്ന പിണ്ടിയിൽ തിരിതെളിച്ചു. നവസംരംഭകത്വപരിപാടികൾ ഉദ്ഘാടനം ചെയ്തു.



**സീറോമലബാർ സഭ ഹയരാർക്കി ശതാബ്ദി നിറവിൽ:** സുറിയാനി കത്തോലിക്കർക്ക് സ്വന്തമായി സഭാഭരണകൂടം അനുവദിച്ച് കിട്ടിയിട്ട് നൂറുവർഷം പൂർത്തിയാകുന്ന 2023 ഡിസംബർ 21 ന് നടന്ന ശതാബ്ദിവർഷ സമാപന ആഘോഷത്തിൽ കുടുംബക്കൂട്ടായ്മകൾ കത്തീഡ്രലിൽ നടന്ന പരി. കുർബാന അർപ്പണത്തിലും സിമ്പോസിയത്തിലും വളരെ സജീവമായി പങ്കുകൊണ്ടു.

## മകരം തിരുനാൾ

ജനുവരി 15 മകരം 1 ന് വി. സെബസ്ത്യാനോസ് സഹദായുടെ മകരം തിരുനാൾ കൊടിയേറ്റ് തുടർന്ന് സിമിത്തേരി സന്ദർശനം. ജനുവരി 21-ന് ഇടവകദിനം. നസ്രാണി സംഗമം എന്ന പേരിൽ നടത്തപ്പെടുന്നു. ജനുവരി 24 ന് കവലയിലേക്കുള്ള പ്രദക്ഷിണം. ജനുവരി 25 ന് നഗരം ചുറ്റിയുള്ള പ്രദക്ഷിണം. ജനുവരി 28 ന് കൊടിയിറക്ക് - കഴുന്ന പ്രദക്ഷിണം.

മകരം തിരുനാളിനോടനുബന്ധിച്ച് വാർഡുകളിൽ നടത്തിയ കൺവൻഷനുകളിൽ ഫാ. ലിബിൻ തുണ്ടുകുളം, ഫാ. ജസ്റ്റിൻ തൈക്കളം, ഫാ. റ്റോജോ പുളിക്കപ്പടവിൽ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു. കുടുംബക്കൂട്ടായ്മാംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്തിനും ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കും ഒരുപാടൊത്തിരി നന്ദി അറിയിക്കുന്നതോടൊപ്പം വി. സെബസ്ത്യാനോസിന്റെ എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്...

**ജോബി തൂമ്പുങ്കൽ**
ജനറൽ കൺവീനർ (കുടുംബക്കൂട്ടായ്മ)

## 2023 ജനുവരി മുതൽ 2023 ഡിസംബർ വരെ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ

**1. വിദ്യാഭ്യാസ സഹായം**

| | | |
|---|---|---|
| 1. പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ കുരിശിങ്കപ്പറമ്പിൽ മെമ്മോറിയൽ എൻഡോവ്മെന്റ് (3 പേർക്ക്) | - | 30,000/ |
| 1. വിദ്യാഭ്യാസ സഹായം ആകെ | - | 60,500/ |
| 2. ചികിത്സാ സഹായം | - | 3,07,520/ |
| 3. വിവാഹ സഹായം | - | 1,10,000/ |
| 4. ഭവന നിർമ്മാണ സഹായം | - | 4,73,317/ |
| 5. മറ്റ് ജീവകാരുണ്യസഹായം | - | 25,957/ |
| **ആകെ** | **-** | **9,77,294** |

# ജലത്താലും ആത്മാവിനാലും

1. ചെച്ചോട്ട് ബോബി-സോന മകൾ ത്രേസ്യാമ്മ 23.09.2023
2. കല്ലുകണ്ടം റോബിൻ-സൗമ്യ മകൾ ജോസഫൈൻ 07.10.2023
3. പെരുമ്പായിൽ ഷെറിൻ-ജാസ്മിൻ മകൾ അന്ന 08.10.2023
4. ചിങ്ങംപറമ്പിൽ മനു-റ്റിസ മകൻ ജോസഫ് 13.10.2023
5. മാമ്പുഴതായിൽ ഷിബു-കവിത മകൾ തെരേസ 17.10.2023
6. കുരിശുംമൂട്ടിൽ ആൽവിൻ-ആൽബി മകൻ ജോൺ 22.10.2023
7. കുരുതിക്കളം രമണൻ-ജെസ്സി മകൻ ജോസഫ് 10.11.2023
8. കുരുതിക്കളം രമണൻ-ജെസ്സി മകൻ സേവ്യർ 10.11.2023
9. ഉമാപറമ്പിൽ ജിജി-ജോസ്ന മകൾ മരിയ 30.11.2023
10. ഉമാപറമ്പിൽ ജിജി-ജോസ്ന മകൾ അന്ന 30.11.2023
11. സ്രാമ്പിക്കൽ ജോജി-ക്യാത്തി മകൾ മരിയ 26.12.2023
12. കുളത്തുങ്കൽ ഡേവ്-രമ്യാ മകൻ സെബാസ്റ്റ്യൻ 28.12.2023
13. പുല്ലുകാട്ട് റൂബിൻ-ആൻമേരി മകൻ ആന്റണി 28.12.2023
14. പെരുമ്പായിൽ അഭിലാഷ്-കൊച്ചുറാണി മകൻ മാത്യു 30.12.2023
15. അഴിമുഖം റ്റോണി-ലിന്റാ മകൾ എൽസ 04.01.2024
16. വെട്ടുവഴി പ്രവീൺ-ലിജിമോൾ മകൻ അന്റോണിയോ 06.10.2024

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കല്ലുകളം തോമസ് - ജോമോൾ മകൻ ആന്റണിയും മുതലക്കോടം ഇടവക മാളിയേക്കൽ റ്റോമി-റെനി മകൾ ആൻ റോസും തമ്മിലുള്ള വിവാഹം - 21.10.2023
2. ഈ ഇടവക ഏലംകുന്നം ഔസേഫ്-മോട്ടി മകൻ ഔസേഫും കുന്നന്താനം ഇടവക ഞാലിയിൽ സിബി-ജാൻസി മകൾ റോസും തമ്മിലുള്ള വിവാഹം - 25.10.2023
3. ഈ ഇടവക പാലിയേക്കര ജോസഫ്-ഉഷ മകൻ രോഹിതനും ശ്രീനിലയം ചേരിയിൽ ബാബു-ശോഭന മകൾ അനുപമയും തമ്മിലുള്ള വിവാഹം - 26.10.2023



4. ഈ ഇടവക കണ്ടങ്കേരിൽ സണ്ണി-റോസമ്മ മകൻ ആന്റണിയും വഴുത നപ്പള്ളി ജോൺ-റാണി മകൾ ക്ലാരയും തമ്മിലുള്ള വിവാഹം - 28.10.2023
5. ഈ ഇടവക കുറിഞ്ഞിപ്പറമ്പിൽ മാത്യു-ലാലിമ്മ മകൻ സ്കറിയയും പൂന്തോപ്പ് ഇടവക സൈമൺ-ഷീല മകൾ റോസ്മേരിയും തമ്മിലുള്ള വിവാഹം - 15.11.2023
6. ഈ ഇടവക ഒറ്റത്തെങ്ങുങ്കൽ ജോസഫ്-ലീലാമ്മ മകൻ അലക്സും പൊടിപ്പാറ പുത്തൻപുരയ്ക്കൽ ബേബി-ലീലാമ്മ മകൾ മറിയമ്മയും തമ്മിലുള്ള വിവാഹം - 20.11.2023
7. ഈ ഇടവക പാലാത്ര തോമസുകുട്ടി-ജീന മകൻ മത്തായിയും എടത്വാ ഫൊറോന പള്ളി ഇടവക തോമസ്-ജൂബി മകൾ റോസമ്മയും തമ്മി ലുള്ള വിവാഹം - 27.11.2023
8. ഈ ഇടവക കുരുതിക്കളം രമണൻ-ജെസ്സി മകൻ സേവ്യറും പൂവം ഇട വക കരിച്ചിലപറമ്പിൽ ജോയിച്ചൻ-ലിസി മകൾ മേരിക്കുട്ടിയും തമ്മി ലുള്ള വിവാഹം - 28.11.2023
9. ഈ ഇടവക തോപ്പിൽ മാത്യു-റ്റെസി മകൻ അഗസ്റ്റിനും ഇത്തിത്താനം ഇടവക പൊങ്ങംപുഴ ജോസഫ്-ഷീബ മകൾ എലിസബത്തും തമ്മി ലുള്ള വിവാഹം - 30.11.2023
10. ഈ ഇടവക കുന്നപ്പള്ളി ബാബു-സിൽവിയ മകൻ ഫിലിപ്പും കാപ്പാട് ഇടവക രാജു-സെലിൻ മകൾ മേരിയും തമ്മിലുള്ള വിവാഹം - 27.12.2023
11. ഈ ഇടവക തുണ്ടിപ്പറമ്പിൽ അനിൽകുമാർ-സിന്ധു മകൻ ദേവസ്യായും ഈ ഇടവക മാമ്പുഴതറയിൽ ഷിബു-കവിത മകൾ തെരേസായും തമ്മി ലുള്ള വിവാഹം -02.01.2024
12. ഈ ഇടവക കോയിപ്പള്ളിൽ സാജൻ-റെജി മകൻ ചാക്കോയും പാറേൽ ഇടവക പടിഞ്ഞാറെക്കളം ജോസഫ്-ഷെജിമോൾ മകൾ ബ്രിജിത്തും തമ്മിലുള്ള വിവാഹം - 06.01.2024
13. ഈ ഇടവക കരിങ്ങട കെന്നഡി-ജെസ്സി മകൻ ജോസഫും വേളപ്രാ ഇടവക നൈനാപറമ്പിൽ സിബി-റാണി മകൾ ബ്രിജിത്തും തമ്മിലുള്ള വിവാഹം -07.01.2024
14. ഈ ഇടവക കടന്തോട് സിബി-പ്രേമ മകൻ മാത്യുവും ദീപം പ്രതീപ് കുമാർ-സ്വപ്ന മകൾ ശിൽപയും തമ്മിലുള്ള വിവാഹം - 09.01.204
15. ഈ ഇടവക അരീത്ര രാജു-ജെയ്നമ്മ മകൻ ജെയിംസും കീഴൂർ ഇട വക കുഴിപറമ്പിൽ ബെന്നി-മോളി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 01.01.2024
16. ഈ ഇടവക പാലാത്ര സിബി-നിർമ്മല മകൻ ജോസഫും തെക്കേക്കര ഇടവക മുണ്ടന്താഞ്ഞലിൽ അഗസ്റ്റിൻ-ഷാർമിലി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 29.10.2023

# ഉത്ഥിതനോടൊപ്പം

1. കിഴക്കേക്കുറ്റ് ത്രേസ്യാമ്മ തോമ്സ (91 വയസ്സ്) 22.09.2023
2. പുതുശ്ശേരി അച്ചാമ്മ എൻ.സി. (82) 25.09.2023
3. ആലുംമൂട്ടിൽ-കാടാത്തുകളം തോമസ് സ്കറിയ (85) 26.09.2023
4. മേക്കരശ്ശേരി മറിയാമ്മ വർഗീസ് (94) 27.09.2023
5. കരിമറ്റം കെ.വി. ജോർജ് (87) 28.09.2023
6. മലയിൽ പുതുപ്പറമ്പ് ജോർജ് മാത്യു (77) 02.10.2023
7. കരീക്കളം ഷെബിൻ ദേവസ്യ (31) 13.10.2023
8. ചിറയത്ത് പോൾ ജേക്കബ് (70) 15.10.2023
9. കണ്ടങ്കരി ഏലിക്കുട്ടി ജോസഫ് (94) 23.10.2023
10. അരമനപ്പറമ്പ് ത്രേസ്യാമ്മ ജോസഫ് (73) 23.10.2023
11. വടക്കൻപറമ്പിൽ വി.ജെ. ചെറിയാൻ (75) 29.10.2023
12. വൈശ്യന്റേടം ബ്രിജിത്താമ്മ വർക്കി (90) 03.11.2023
13. വടക്കേപ്പറമ്പ് പൊന്നമ്മ ചാക്കോ (70) 05.11.2023
14. പുതുപ്പറമ്പിൽ വർഗീസ് പി.എം. (56) 06.11.2023
15. കുരിശുംമൂട്ടിൽ കുഞ്ഞുമോൾ ജോയ് (67) 06.11.2023
16. കണ്ടത്തിപ്പറമ്പിൽ തോമസ് വർഗീസ് (58) 11.11.2023
17. കിഴക്കേൽ വിജയകുമാരി തോമസ് (64) 15.11.2023
18. കരിമറ്റം ഷേർളി സിബി (58) 17.11.2023
19. കല്ലുകളം ശോശാമ്മ ജോസഫ് (84) 19.11.2023
20. കണ്ടങ്കരി ജോസഫ് പി. (77) 18.11.2023
21. കടവിൽ ആനിക്കുട്ടി ആന്റണി (94) 24.11.2023
22. പണിക്കശ്ശേരി തങ്കമ്മ മൈക്കിൾ (88) 27.11.2023
23. കടന്തോട് അച്ചാമ്മ ആന്റണി (87) 28.11.2023
24. നടുവിലേപറമ്പിൽ എൻ.ഡി. തോമസ് (85) 01.12.2023
25. വട്ടപ്പറമ്പ് ജോയമ്മ തോമസ് (63) 08.12.2023
26. പാറയ്ക്കൽ ജോ മാത്യു (54) 12.12.2023
27. കരിമറ്റം പൊന്നമ്മ ജോർജ് (80) 20.12.2023
28. കൈതാരം റ്റോമി ജോബ് (65) 21.12.2023
29. മാതിരംപുഴ ത്രേസ്യാക്കുട്ടി ജെയിംസ് (65) 31.12.2023
30. പോളയ്ക്കൽ അലക്സാണ്ടർ പി.ജെ. (85) 01.01.2024

# സ്നേഹസ്മരണയ്ക്ക്

**34-ാം ചരമവാർഷികം**



## റവ. ഫാ. ബെർണഡിൻ CMI





## ജോസഫ് ജോബ്

മരണം: 20.09.2000

## ത്രേസ്യാമ്മ ജോബ്

ജനനം: 18.11.1935
മരണം: 20.12.2020

## കല്ലുകളം, വാഴപ്പള്ളി

**TOMICHEN TRADING COMPANY, KOTTAYAM**
Plywood, Multiwood, MDF, Mica
PH: 9400829808

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ



## പൊന്നമ്മ ആന്റണി

കരിങ്ങട, ചങ്ങനാശേരി

# In loving memory of



**ITHAC ISSAC**
**(Papachen)**
**Kadanthottu**
**02.12.1980**

**MARIAKUTTY**
**ISSAC**
**Kadanthottu**
**07.10.1998**

# പാവന സ്മരണയ്ക്ക്



വേർപാടിന്റെ 19–ാം വർഷം
26.12.2024

റ്റി.ഐ. കുര്യൻ
(ഏഴൻ കുര്യച്ചൻ)



വേർപാടിന്റെ 21–ാം വർഷം
05.09.2024

ത്രേസ്യാമ്മ കുര്യൻ
(കുഞ്ഞമ്മ)



വേർപാടിന്റെ 46–ാം വർഷം
04.01.2024

തോമസ് കുര്യൻ
(തോമാച്ചൻ)

തൂമ്പുങ്കൽ – മഞ്ചാടിക്കര – ചങ്ങനാശ്ശേരി


**തോമാച്ചൻ ട്രേഡിംഗ് കമ്പനി**
കോഴഞ്ചേരി

**തോമാച്ചൻ ട്രേഡിംഗ് കമ്പനി**
ചങ്ങനാശേരി

**ടോംസ് ജൂവലേഴ്സ്**
കവല, മാർക്കറ്റ് റോഡ്, ചങ്ങനാശേരി